കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

കോട്ടയ്ക്കൽ നഗരസഭ

ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

മലപ്പുറം ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.20/2439/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാഓഡിറ്റ് കാര്യാലയം,

ഇ-മെയിൽ -dompm.ksad@kerala.gov.in

വെബ്-www.lfa.kerala.gov.in

ഫോൺ 0483 2734951

തീയതി. 30-11-2017

ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)

കോട്ടയ്ക്കൽ നഗരസഭ

സർ,

വിഷയം : - കോട്ടയ്ക്കൽ നഗരസഭ 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*******

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള നഗരപാലികാനിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടയ്ക്കൽ നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ

നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിററി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1997 കേരളാ മുനിസിപ്പാലിററി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

3)റീജിയണൽ ജോയിന്റ് ഡയറക്ടർ,കോഴിക്കോട് (ഉപരിപത്രം സഹിതം)

4)കാര്യാലയ പകർപ്പ്

നം കെ എസ് എ.എം.പി.എം.20/2439/17 തിയ്യതി: 30-11-2017

മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ നഗരപാലികാ നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ നഗരസഭയുടെ 2016-17സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യ പത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 18.1.2016 മുതൽ 30.9.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലഭ്യമാക്കിയ മറുപടി പരിഗണിച്ച ശേഷം നിലനിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പിന്മേലുള്ള തുടർനടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും

വിശദീകരണങ്ങളുടേയയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ: ശ്രീ .വി. കെ. ഷാജി .
സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം: 2.11.2017 മുതൽ 14.11.2017വരെ

1. ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ :

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീമതി. ഷീബ. ഇസഡ്. | ഓഡിററ് ഓഫീസർ (ഹ. ഗ്രേ) |
| 2 | ശ്രീ.മുഹമ്മദാലി. എം. | അസിസ്ററന്റ് ഓഡിററ് ഓഫീസർ |
| 3 | ശ്രീ.സക്കീർഹുസൈൻ പി | അസിസ്ററന്റ് ഓഡിററ് ഓഫീസർ |
| 4 | ശ്രീ.സന്തോഷ് .പി. ടി. | അസിസ്ററന്റ് ഓഡിററ് ഓഫീസർ |
| 5 | ശ്രീ ആലസൻകുട്ടി. യു. | ഓഡിററർ |
| 6 | ശ്രീമതി.ലത .ഒ.വി. | ഓഡിററർ |

2.നിർവഹണാധികാരികൾ

പ്രസിഡന്റ്

| പേര് | കാലയളവ് |
|---|---|
| ശ്രീ. കെ.കെ നാസർ | 1.4.2016 മുതൽ 31.3.2017വരെ |

സെക്രട്ടറി

| ക്രമ നം | പേര് | കാലയളവ് |
|---|---|---|
| 1 | ശ്രീ. കെ കെ മനോജ് | 1.4.2016 മുതൽ 28.8.2016 വരെ |
| 2 | ശ്രീമതി.ഉമ.പി.എൻ. (ഇൻചാർജ്) | 29.82016 മുതൽ 6.3.2017 വരെ |
| 3 | ശ്രീ. നൗഷാദ്. | 7.3.2017 മുതൽ 31.3.2017 വരെ |

മററു നിർവഹണാധികാരികൾ

| ക്രമ നം | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| | കൃഷി ഓഫീസർ | ശ്രീമതി.രേഷ്മ | 1.4.2016മുതൽ 23.6.2016വരെ |

| | | | |
|---|---|---|---|
| 1 | | ശ്രീ.ഉണ്ണികൃഷ്ണൻ | 24.6.2016മുതൽ 18.10.2016വരെ |
| | | ശ്രീമതി. ബാസില സി. സി. | 18.10.2016മുതൽ 31.3.2017വരെ |
| 2 | പ്രൊജക്ട് ഓഫീസർ (യു.പി.എ.സി) | ശ്രീ.റഷീദ്ദുദ്ധീൻ. | 1.4.2016മുതൽ 31.3.2017വരെ |
| 3 | മെഡിയ്ക്കൽ ഓഫീസർ (സ. എച്ച്.സി) | ഡോ.നഷീദ.കെ. | 1.4.2016മുതൽ 12.4.2016വരെ |
| | | ഡോ.സലീല. കറുത്തേടത്ത് | 13.4.2016മുതൽ 31.7.2016വരെ |
| | | ഡോ.സുബൈർ | 1.8.2016മുതൽ 31.3.2017വരെ |
| 4 | മെഡിയ്ക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ജിഷ. എൻ | 1.4.2016മുതൽ 31.3.2017വരെ |
| 5 | മെഡിയ്ക്കൽ ഓഫീസർ (ആയുർവേദം) | ഡോ.വി.എൻ. സുജാതദേവി. | 1.4.2016മുതൽ 31.3.2017വരെ |
| 6 | വെറ്ററിനറി സർജൻ | ഡോ.ബി.സുരേഷ് | 1.4.2016മുതൽ 31.3.2017വരെ |
| 7 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ബിന്ദു ടി എം | 1.4.2016മുതൽ 31.3.2017വരെ |
| | അസിസ്ററന്റ് എഞ്ചിനിയർ | ശ്രീ.ബി വിനയകുമാർ | 1.4.2016മുതൽ 11.6.2016വരെ |
| | | ശ്രീ.വിഷ്ണ. എ എസ് | 12-06-2016 മുതൽ 31.3.2017വരെ |
| 1 | പ്രിൻസിപ്പാൾ | ശ്രീ.വനജ. ഇ എൻ | 1.4.2016മുതൽ 31.3.2017വരെ |

<u>ഉള്ളടക്കം</u>

ഭാഗം 1

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമ പദ്ധതികൾ | 1(8) |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) |
| 11 | ആഭ്യന്തരനിയന്ത്രണം | 1(11) |
| 12 | അനുബന്ധ പത്രികകൾ | 1(12) |
| | ഭാഗം 2 | |
| 13 | വാണിജ്യ ആവശ്യത്തിനുള്ള ക്വാർട്ടേഴ്സുകൾക്ക് ഗാർഹിക നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു. | 2-1 |
| 14 | ഓഫീസ് കെട്ടിടത്തിന് പാർപ്പിട ആവശ്യത്തിനുള്ള നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു. | 2-2 |
| 15 | ടെലിക്കമ്യൂണിക്കേഷൻ ടവർ വസ്തുനികുതി പിരിവ് അപാകതകൾ | 2-3 |
| 16 | വസ്തുനികുതി പിരിവ്-പൊതു അപാകതകൾ. | 2-4 |
| 17 | വാടക മുഴുവനായും ഈടാക്കിയില്ല-207942 രൂപയുടെ നഷ്ടം | 2-5 |
| 18 | തൊഴിൽ നികുതി അപാകതകൾ | 2-6 |
| 19 | തനത് ഫണ്ട് കറന്റ് അക്കൗണ്ടിൽ നിക്ഷേപിക്കുന്നു. ബാങ്ക് പലിശയിനത്തിൽ കുറവ് - | 2-7 |
| | ഭാഗം 3 | |
| 20 | ഹോമിയോ മരുന്നുകൾക്ക് മുൻകൂർ തുക നൽകി - മരുന്ന് വൈകി ലഭ്യമാക്കി-മുഴുവൻ മരുന്നും ലഭിച്ചില്ല-തുക തടസ്സം ചെയ്യുന്നു. | 3-1 |
| 21 | ഔഷധി വൈകി ലഭ്യമാക്കിയ മരുന്നിന്- GST 12 % നിരക്കിൽ ഈടാക്കിയത് ക്രമത്തിലല്ല - തുക തടസ്സം ചെയ്യുന്നു (8237-രൂപ) | 3-2 |
| 22 | മുനിസിപ്പൽ എംപ്ളോയീസ് പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടില്ല | 3-3 |
| 23 | സെൻട്രൽ പെൻഷൻ ഫണ്ട് - മുനിസിപ്പൽ ഡയറക്ടർക്ക് ഒടുക്കിയ തുകയുടെ വിവരം: | 3-4 |
| 24 | തെരുവു ടാപ്പ് -സംയുക്ത പരിശോധന നടത്തിയില്ല:- | 3-5 |
| 25 | ആശ്രയ രണ്ടാംഘട്ട പദ്ധതി അംഗീകാരമായില്ല-ഒന്നാം ഘട്ട തുടർസേവന പദ്ധതി ഭക്ഷണ വിതരണവും പഠനോപകരണ വിതരണവും മാത്രമായി ചുരുങ്ങി | 3-6 |

| | | |
|---|---|---|
| 26 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് അവശേഷിക്കുന്ന മുനിസിപ്പൽ വിഹിതം തിരികെ ഒടുക്കാൻ നിർദ്ദേശം | 3-7 |
| 27 | ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് വിഹിതം ലോൺ തിരിച്ചടവ് രജിസ്ററർ കാലികമാക്കിയില്ല | 3-8 |
| 28 | രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ചെലവ് തുക തടസ്സം ചെയ്യുന്നു. | 3-9 |
| 29 | വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താതെയും പ്രോജെക്ട് തയ്യാറാക്കി അംഗീകാരം വാങ്ങാതെയും മരാമത്ത് പ്രവൃത്തികൾക്ക് തുക ചെലവഴിച്ചത് തടസ്സം ചെയ്യുന്നു. | 3-10 |
| 30 | എ ബി സി പദ്ധതി -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 3-11 |
| 31 | പി എം എ വൈ പദ്ധതി ഒരവലോകനം | 3-12 |
| 32 | സാക്ഷരതാ തുല്യതാ പരിപാടി സംബന്ധിച്ച് | 3-13 |
| 33 | സ്കൂളുകൾക്കും ക്ലബ്ബുകൾക്കും സ്പോർട്ട്സ് കിറ്റ് വിതരണം -അപാകതകൾ | 3-14 |
| 34 | മരുന്ന് ലഭ്യമാക്കിയില്ല | 3-15 |
| 35 | കരാർ വെക്കാതെയും സർക്കാർ നിർദേശം പാലിക്കാതെയും ഡെപ്പോസിറ്റ് വർക്കുകൾ | 3-16 |
| 36 | പുതിയ ബസ്സ്റ്റാന്റ് ഷോപ്പിങ്ങ് കോംപ്ലക്സ് നിർമാണം- ചെലവഴിച്ച തുക പാഴ്ചെലവാകാൻ സാധ്യത | 3-17 |
| 37 | കോട്ടൂർ അംഗനവാടി കുടിവെള്ള പദ്ധതി- നിർവഹണത്തിലെ അപാകതകൾ | 3-18 |
| 38 | മിനി മാസ്റ്റ് സ്ഥാപിക്കൽ - പ്രവർത്തനക്ഷമത റിപ്പോർട്ട് ചെയ്യേണ്ടതാണ് | 3-19 |
| 39 | മാർക്കറ്റിൽ നിർമ്മിച്ച ടോയ്ലെറ്റ് പ്രവർത്തനക്ഷമമാക്കിയില്ല | 3-20 |
| 40 | ഔഷധ റോഡ് കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമാക്കിയില്ല | 3-21 |
| 41 | വീട്ടു നിനർമ്മാണം പൂർത്തീകരിച്ചില്ല. | 3-22 |
| | ഭാഗം-IV | |
| 42 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 43 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 44 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 45 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 46 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 47 | ഓഡിറ്റ് റിക്കവറി | 4(6) |
| 48 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) |
| 49 | ഓഡിറ്റ് പ്രത്യവലോകനം | 4(8) |
| 50 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(9) |


# ഭാഗം 1

# പൊതു അവലോകനം

## 1-1 ബജറ്റ്

| 2016-17 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത്) |
|---|---|
| 1/23.3.2016 | - |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 1.8.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നം. തീയതി |
|---|---|---|
| 2016-17 | 10-11-2017 | അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട് |

വാർഷിക ധനകാര്യ പത്രിക പരിശോധന -അപാകതകൾ

1) ബജറ്റ് ഫങ്ക്ഷൺ ഫങ്ക്ഷണറി അടിസ്ഥാനത്തിൽ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല.

2)സ്ഥാവര ജംഗമ ആസ്തികൾ പൂർണ്ണമായി തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) ബാലൻസ് ഷീറ്റ് B4 Schedule പ്രകാരം വിനിയോഗിച്ച ഗുണഭോക്തൃ വിഹിതം 1298850 രൂപയുണ്ട്. ആയതിന് ജേർണൽ നൽകി റവന്യൂ എക്സ്പെൻഡിച്ചർ ആക്കി മാറ്റാതെ ബാധ്യതയാക്കി നിലനിർത്തിയിട്ടുണ്ട്.

4) നിയമപരമായി വസൂലാക്കിയ ഐ.ടി 7370 (6750 + 620), ലൈബ്രറി സെസ് – 1399192, നിർമ്മാണ തൊഴിലാളി ക്ഷേമനിധി – 13725, വാറ്റ് – 118784 (94709 + 24075) സർവ്വീസ് ടാക്സ് – 23430 എന്നിവ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ അടവാക്കാതെ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. (B-9 Schedule).

5)ഇനിയും വിനിയോഗിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുക 29065, ഡെപ്പോസിറ്റ് പ്രവൃത്തി തുക – 78,991 എന്നിവ ബന്ധപ്പെട്ട ശീർഷകത്തിൽ തിരിച്ചടച്ചിട്ടില്ല. (B-9 Schedule).

6)മുൻകൂറായി പിരിച്ചെടുത്ത വരവ് തുകയായ 20,000 രൂപ ക്രമീകരിക്കുന്നതിന് ജേണൽ എൻട്രി നടത്തിയിട്ടില്ല (B-9 Schedule).

7) വസ്തു നികുതി മുൻ വർഷങ്ങളിലെ അധിക ഡിമാന്റ് കാരണം പിരിച്ചെടുത്ത തുകകൾ ക്രമീകരിക്കുന്നതിന് ജേണൽ എൻട്രി നടത്തിയിട്ടില്ല.

8) വാർഷിക ധനകാര്യ പത്രികയിൽ (B-18 Schedule) പെർമനന്റ് അഡ്വാൻസ് രേഖപ്പെടുത്തിയിട്ടില്ല.

9)വൗച്ചർ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.
10) വസ്തു നികുതി, തൊഴിൽ നികുതി, വാടക, വിനോദ നികുതി, ഡി. & ഒ ലൈസൻസ് ഫീ എന്നീ ഡിമാന്റ് രജിസ്റ്ററുകളിൽ സംഗ്രഹം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

11) മുൻ വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്തിട്ടില്ല.

അപാകതകൾക്ക് കാരണം വിശദീകരിക്കേണ്ടതാണ്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 21280471.97 |
| വരവ് | 153032577 |
| ആകെ | 174313048.97 |
| ചെലവ് | 139638823 |
| നീക്കിബാക്കി | 34674225.97 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി ബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 27315545 | 27315545 | 26976696 | 338849 | 98.75 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 4044327 | 4044327 | 4044327 | 0 | 100 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | - | - | - | - | - |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 10081368 | 10081368 | 5542970 | 4538398 | 54.98 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 6922065 | 6922065 | 5021753 | 1900312 | 72.54 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 35526350 | 35526350 | 34971266 | 555084 | 98.45 |
| ലോക ബാങ്ക് സഹായം | 0 | 5805839 | 5805839 | 5659837 | 146002 | 97.48 |
| അയ്യങ്കാളി നഗര | 1301190 | 1518750 | 2819940 | 677845 | 2142095 | 24 |

| | | | | | | |
|---|---|---|---|---|---|---|
| തൊഴിലുറപ്പ് | | | | | | |
| ബി ഫണ്ട് | 0 | 92280 | 92280 | 92280 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

എ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 233 | 280515653 | 202 | 84452611 | 4 | 27 | 45% |

പാതി വഴിയിൽ ഉപേക്ഷിച്ച് പാഴ്ച്ചെലവായ പദ്ധതികൾ – ഇല്ല

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 15115463 | 6803418 | (-)8312045 | (-)55% |
| നികുതിയേതര വരവുകൾ | 13653911 | 9164753 | (-)4489158 | (-)33% |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | 3354987 | 15156791 | (+)11801804 | (+)35% |
| ആകെ | 32124361 | 31124962 | 999399 | 3.1% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 32520 | 17 |
| കർഷക തൊഴിലാളി പെൻഷൻ | 1342590 | 554 |
| വിധവാ പെൻഷൻ | 15823990 | 5925 |
| വാർദ്ധക്യകാല പെൻഷൻ | 19510725 | 8404 |
| വികലാംഗ പെൻഷൻ | 4004650 | 1692 |
| വിവാഹ ധനസഹായം | 300000 | 1 |
| 50 വയസ്സിനു മുകളിലുള്ള ധനസഹായം | 209730 | 82 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 2.11.2017 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 60623 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഐ.സി.ഡി.എസ് സൂപ്പർവൈസർ, വെറ്ററിനറി സർജൻ, ഹോമിയോ മെഡിക്കൽ ഓഫീസർ, സെക്രട്ടറി, ആയുർവ്വേദ മെഡിക്കൽ ഓഫീസർ എന്നിവർ പ്രൊജക്ട് രജിസ്റ്റർ, സബ്സിഡിയറി രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. ഐ.സി.ഡി.എസ്. സൂപ്പർവൈസർ, കൃഷി ഓഫീസർ എന്നിവർ റ്റി.ആർ.7എ ക്യാഷ്ബുക്ക് സൂക്ഷിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിററ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 29.6.2015 മുതൽ 3.7.2015 വരെ | 2013-14 2014-15 | 1.7.2015 | ഇല്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1.8.16 | 2015-16 | 10.7.17 | ഇല്ല |

## 1-12 അനുബന്ധ പത്രികകൾ

ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാണിജ്യ ആവശ്യത്തിനുള്ള ക്വാർട്ടേഴ്സുകൾക്ക് ഗാർഹിക നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം 233- ാം വകുപ്പ് (2)ഉം (5) ഉപ വകുപ്പുകൾ പ്രകാരം 24-03-2011 ലെ 4(1) നമ്പർ തീരുമാന പ്രകാരം നഗരസഭ കൗൺസിൽ ക്വാർട്ടേഴ്സ് ഏറ്റവും കുറഞ്ഞ അടിസ്ഥാന വസ്തു നികുതി 30 രൂപ നിർണ്ണയിച്ചിരുന്നു. എന്നാൽ നഗരസഭ 2016-17 വർഷം നിർമ്മാണം പൂർത്തികരിച്ച താഴെ പറയുന്ന ക്വാർട്ടേഴ്സ്, ഡോർമെറ്ററി കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്നും മാത്രം പാർപ്പിട ആവശ്യത്തിന് എന്ന് തെറ്റായി രേഖപ്പെടുത്തി 6 രൂപ അടിസ്ഥാന വസ്തു നികുതി നിർണ്ണയിച്ചത് മൂലം വസ്തു നികുതിയിനത്തിൽ 31236 രൂപ നഷ്ടമുണ്ടായതായി കാണുന്നു. വിശദ വിവരം ചുവടെ. കാരണം വിശദീകരിക്കേണ്ടതാണ്.

| കെട്ടിടം | വിസ്തീർണ്ണം | നിയമാനുസൃത ഇളവ്/ വർദ്ധനവ് | ഈടാക്കേണ്ട വസ്തുനികുതി +LC | ഈടാക്കിയ വസ്തുനികുതി+ LC/ Rt.No. | വസ്തുനികുതി കുറവ് | LC കുറവ് |
|---|---|---|---|---|---|---|
| ശ്രീ.മുഹമ്മദ് മുസ്തഫ 32/486I Dormetry | 116.05 m2 | 10% ഇളവ്.20 % വർദ്ധനവ് | 116.05* 30=3482-10%+ 20%= BT =3830 LC=192 | 763+39 Rt.no. 6654 /18-7-16 | 3067 | 153 |
| ശ്രീ.മുഹമ്മദ് മുസ്തഫ 32/486J Dormetry | 116.05 m2 | 10% ഇളവ്.20 % വർദ്ധനവ് | 116.05* 30=3482-10%+20%= BT =3830 LC=192 | 763+39 Rt.no. 6655 /18-7-16 | 3067 | 153 |
| ശ്രീ.മുഹമ്മദ് മുസ്തഫ 32/486K Dormetry | 117.05 m2 | 10% ഇളവ്.20 % വർദ്ധനവ് | 117.05* 30=3512-10%+ 20%= BT =3863 LC=193 | 772+39 Rt.no. 6656/ 18-7-16 | 3091 | 154 |
| ശ്രീ.അനിൽകുമാർ 8/164A | 74.73m2 | 10% ഇളവ്. | 74.73*30= 2242-10%= | 404+21 Rt.No. | 1614 | 169 |

| | | | | | | |
|---|---|---|---|---|---|---|
| ക്വാർട്ടേഴ്സ് | | | 224<br>BT=2018<br>LC=190 | 5611/<br>28-6-16 | | |
| ശ്രീ.അനിൽകുമാർ<br>8/164B<br>ക്വാർട്ടേഴ്സ് | 74.73m2 | 10% ഇളവ്. | 74.73*30=<br>2242-10%=<br>224<br>BT=2018<br>LC=190 | 404+21<br>Rt.No.<br>5612/<br>28-6-16 | 1614 | 169 |
| ശ്രീ.അബ്ദുറഹിമാൻ.<br>28/518A<br>അപാർട്ട്മെന്റ് | 75.79m2 | 10% ഇളവ്. | 75.79*30=<br>2274-10%=<br>227=<br>BT=<br>2047 +LC=<br>102 | 409+21<br>Rt.No.<br>6408/<br>14-7-16 | 1638 | 81 |
| ശ്രീ.അബ്ദുറഹിമാൻ.<br>28/518B<br>അപാർട്ട്മെന്റ് | 71.10m2 | 10% ഇളവ്. | 71.10*30=<br>2133-10%=<br>213=<br>BT=2120<br>LC=106 | 383+<br>20<br>Rt.No.<br>6409/<br>14-7-16 | 1737 | 86 |
| ശ്രീ.അബ്ദുറഹിമാൻ.<br>28/518C<br>അപാർട്ട്മെന്റ് | 74.36m2 | 10% ഇളവ്. | 74.36*30=<br>2231-10%=<br>223=<br>BT=2008=<br>LC=100 | 482+<br>21<br>Rt.No.<br>6410/<br>14-7-16 | 1526 | 79 |

| | | | | | | |
|---|---|---|---|---|---|---|
| ശ്രീ.അബ്ദുറഹിമാൻ.<br>28/518D<br>അപാർട്ട്മെന്റ് | 55.31 m2 | 10% ഇളവ്. | 55.31*30=<br>1659-10%=<br>165=<br>1494 | 299+<br>15<br>Rt.No.<br>6411/<br>14-7-16 | 1360 | 150 |
| ശ്രീ.അബ്ദുറഹിമാൻ.<br>28/518E<br>അപാർട്ട്മെന്റ് | 75.79m2 | 10% ഇളവ്. | 75.79*30=<br>2274-<br>10%=227=<br>BT=<br>2047 +LC=<br>102 | 409+<br>21<br>Rt.No.<br>6412/<br>14-7-16 | 1638 | 81 |
| ശ്രീ.അബ്ദുറഹിമാൻ.<br>28/518F<br>അപാർട്ട്മെന്റ് | 71.10m2 | 10% ഇളവ്. | 71.10*30=<br>2133-10%=<br>213=<br>BT=2120<br>LC=106 | 383+<br>20<br>Rt.No.<br>6413/<br>14-7-16 | 1737 | 86 |
| ശ്രീ.അബ്ദുറഹിമാൻ.<br>28/518G<br>അപാർട്ട്മെന്റ് | 74.36m2 | 10% ഇളവ്. | 74.36*30=<br>2231-10%=<br>223=<br>BT=2008=<br>LC=100 | 482+<br>21<br>Rt.No.<br>6414/<br>14-7-16 | 1526 | 79 |
| ശ്രീ.അബ്ദുറഹിമാൻ.<br>28/518H<br>അപാർട്ട്മെന്റ് | 55.31m2 | 10% ഇളവ്. | 55.31*30=<br>1659-10%=<br>165=<br>1494 | 299+<br>15<br>Rt.No.<br>6415/ | 1360 | 150 |

| | | | | | | |
|---|---|---|---|---|---|---|
| | | | | 14-7-16 | | |
| ശ്രീ.അബ്ദുറഹിമാൻ.<br>28/518I<br>അപാർട്ട്മെന്റ് | 75.79m2 | 10% ഇളവ്. | 75.79*30=<br>2274-10%=<br>227=BT=<br>2047 +LC=<br>102 | 409+<br>21<br>Rt.No.<br>6416/<br>14-7-16 | 1638 | 81 |
| ശ്രീ.അബ്ദുറഹിമാൻ.<br>28/518J<br>അപാർട്ട്മെന്റ് | 71.10m2 | 10% ഇളവ്. | 71.10*30=<br>2133-10%=<br>213=<br>BT=2120<br>LC=106 | 383+<br>20<br>Rt.No.<br>6417/<br>14-7-16 | 1737 | 86 |
| ശ്രീ.അബ്ദുറഹിമാൻ.<br>28/518K<br>അപാർട്ട്മെന്റ് | 74.36m2 | 10% ഇളവ്. | 74.36*30=<br>2231-10%=<br>223=<br>BT=2008=<br>LC=100 | 482+<br>21<br>Rt.No.<br>6418/<br>14-7-16 | 1526 | 79 |
| ശ്രീ.അബ്ദുറഹിമാൻ.<br>28/518L<br>അപാർട്ട്മെന്റ് | 55.31m2 | 10% ഇളവ്. | 55.31*30=<br>1659-10%=<br>165=<br>1494 | 299+<br>15<br>Rt.No.<br>6415/<br>14-7-16 | 1360 | 150 |
| ശ്രീ.കുഞ്ഞിമുഹമ്മദ്<br>17/272 E | 64.78 m2 | 10%<br>ഇളവ്,20% | 64.78*30=<br>1943-194+ | 420+<br>21 | 1717 | 86 |

| | | | | | | |
|---|---|---|---|---|---|---|
| ക്വാർട്ടേഴ്സ് | | വർദ്ധനവ് | 388=<br>BT=2137<br>LC=107 | Rt.No.<br>5268<br>/21-6-16 | | |
| ശ്രീ.കുഞ്ഞിമുഹമ്മദ്<br>17/272 F<br>ക്വാർട്ടേഴ്സ് | 64.78m2 | 10%<br>ഇളവ്,20%<br>വർദ്ധനവ് | 64.78*30=<br>1943-194+<br>388=<br>BT=2137<br>LC=107 | 420+<br>21<br>Rt.No.<br>5269<br>/21-6-16 | 1717 | 86 |
| ശ്രീ.കുഞ്ഞിമുഹമ്മദ്<br>17/272 G<br>ക്വാർട്ടേഴ്സ് | 64.78 m2 | 10%<br>ഇളവ്,20%<br>വർദ്ധനവ് | 64.78*30=<br>1943-194+<br>388=<br>BT=2137<br>LC=107 | 420+<br>21<br>Rt.No.<br>5270<br>/21-6-16 | 1717 | 86 |
| ശ്രീ.കുഞ്ഞിമുഹമ്മദ്<br>17/272 H<br>ക്വാർട്ടേഴ്സ് | 64.78 m2 | 10%<br>ഇളവ്,20%<br>വർദ്ധനവ് | 64.78*30=<br>1943-194+<br>388=<br>BT=2137<br>LC=107 | 420+<br>21<br>Rt.No.<br>5271/<br>21-6-16 | 1717 | 86 |
| | | | | ആകെ | 38,104 | 2330 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13 /9-11-17 ന് ഹാജരാക്കിയ മറുപടിയിൽ തുക ഈടാക്കുന്നതാണ് എന്ന് അറിയിച്ചു. വരവു നഷ്ടം ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ അടവാക്കി ഓഡിറ്റിനെ തര്യപ്പെടുത്തേണ്ടതാണ്.

## **2-2** ഓഫീസ് കെട്ടിടത്തിന് പാർപ്പിട ആവശ്യത്തിനുള്ള നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം 233- ാം വകുപ്പ് (2)ഉം (5)ഉം ഉപ വകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ സ.ഉ(അ) നമ്പർ 19/2011/ത.സ്വ.ഭ.വ. തിയതി 14-1-2011 പ്രകാരം ഓഫീസ് കെട്ടിടങ്ങൾക്ക് ഏറ്റവും കുറഞ്ഞ അടിസ്ഥാന വസ്തു നികുതി 40 രൂപ നിർണ്ണയിച്ചിരുന്നു. 24-03-2011 ലെ 4(1) നമ്പർ തീരുമാന പ്രകാരം നഗരസഭ കൗൺസിലും ഇപ്രകാരം നികുതി ഈടാക്കുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ നഗരസഭ 2016-17 വർഷം നിർമ്മാണം പൂർത്തീകരിച്ച താഴെ പറയുന്ന ഓഫീസ് കെട്ടിടത്തിന് പാർപ്പിട ആവശ്യത്തിന് എന്ന് തെറ്റായി രേഖപ്പെടുത്തി 6 രൂപ അടിസ്ഥാന വസ്തു നികുതി നിർണ്ണയിച്ചത് മൂലം വസ്തു നികുതിയിനത്തിൽ 2063 രൂപ നഷ്ടമുണ്ടായതായി കാണുന്നു. വിശദ വിവരം ചുവടെ. കാരണം വിശദീകരിക്കേണ്ടതാണ്.

| കെട്ടിടം | വിസ്തീർണ്ണം | നിയമാനുസൃത ഇളവ്/ വർദ്ധനവ് | ഈടാക്കേണ്ട വസ്തുനികുതി +LC | ഈടാക്കിയ വസ്തുനികുതി+ LC/ Rt.No. | വസ്തു നികുതി കുറവ് | LC കുറവ് |
|---|---|---|---|---|---|---|
| ശ്രീ.മുഹമ്മദ്കുട്ടി. പിഎം സുന്നി സെൻറർ 12/178A | 67.47 m2 | 10 % ഇളവ്, വർദ്ധനവ് ഇല്ല. | 67.47*40= 2698.80-10%= 270= BT=2428 LC=121 | 67.47*6= 405-10%=40= BT=365 LC=5% 18 Rt.No.7061/ 16-7-16 | 2063 | 103 |
| | | | | ആകെ | 2063 | 103 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15/09-11-17 ക്ക് തുക ഈടാക്കുന്നതാണ് എന്ന് അറിയിച്ചു. നഷ്ട തുക ബന്ധപ്പെട്ട/ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 2-3 ടെലിക്കമ്യൂണിക്കേഷൻ ടവർ വസ്തുനികുതി പിരിവ് അപാകതകൾ

ടെലിക്കമ്യൂണിക്കേഷൻ ടവറുകളുടെ വസ്തു നികുതി പിരിവ് പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)ടെലിക്കമ്യൂണിക്കേഷൻ ടവറുകളുടെ വസ്തു നികുതി പുനർനിർണ്ണയിക്കുകയോ ഈടാക്കുകയോ ചെയ്തില്ല.

1994 കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 233(2) ഉം (5) ഉം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ സ.ഉ(അ) നമ്പർ 19/2011/ത.സ്വ.ഭ.വ. തിയതി 14-1-2011 പ്രകാരം ടെലിക്കമ്യൂണിക്കേഷൻ ടവറുകളുടെ വസ്തു നികുതി മിനിമം 400/m2 ആയി നിശ്ചയിച്ചിരുന്നു. എന്നാൽ താഴെ പറയുന്ന ടെലിക്കമ്യൂണിക്കേഷൻ ടവറുകളുടെ ഉടമസ്ഥരിൽ നിന്നും 2016-17 വർഷത്തിൽ ഇപ്രകാരം വസ്തു നികുതി നിർണ്ണയിക്കുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. വിശദ വിവരം ചുവടെ നൽകുന്നു.

| ടവർ | ഡിമാന്റ് | ഡിമാന്റ് | ആകെ | അഭിപ്രായം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | ചെയ്ത വസ്തു നികുതി | ചെയ്ത ലൈബ്രറി സെസ് | | |
| റിലയൻ ഇൻഫോകോം ലിമിറ്റഡ്(1/1072) | 98 | 5 | 103 | നാളിതുവരെ വസ്തു നികുതി പുനർ നിർണ്ണയിക്കുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. |
| വയർലസ് ടി.ടി ഇൻഫോ ലിമിറ്റഡ്(1/785A) | 3240 | 162 | 3402 | നാളിതുവരെ വസ്തു നികുതി പുനർ നിർണ്ണയിക്കുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. |
| വയർലസ് ടിടി ഇൻഫോ ലിമിറ്റഡ്(1/39A) | 3240 | 162 | 3402 | നാളിതുവരെ വസ്തു നികുതി പുനർ നിർണ്ണയിക്കുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. |
| ഐഡിയ സെല്ലുലാർ ലിമിറ്റഡ്(2/3525C) | 2916 | 146 | 3062 | നാളിതുവരെ വസ്തു നികുതി പുനർ നിർണ്ണയിക്കുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. |
| റിലയൻ ഇൻഫോകോം ലിമിറ്റഡ്(4/727A) | 2500 | 125 | 2625 | നാളിതുവരെ വസ്തു നികുതി പുനർ നിർണ്ണയിക്കുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല |
| ടവർ വിഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്(4/727B) | 12000 | 600 | 12600 | |
| ആകെ | 23994 | 1200 | 25194 | |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-14/09-11-17 ന് നൽകിയ മറുപടിയിയിൽ അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചു. വസ്തു നികുതി പുനർ നിർണ്ണയിച്ച് ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

2)അനധികൃത ടവർ-നടപടി സ്വീകരിച്ചില്ല.

നഗരസഭയിൽ അനുമതിയില്ലാതെ പ്രവർത്തിക്കുന്നതായി റവന്യൂ ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്ത താഴെ പറയുന്ന ടെലിക്കമ്യൂണിക്കേഷൻ ടവറുകളുടെ മേൽ യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല.

1) 1/07 മുതൽ 11 G വരെയുള്ള ശ്രീ.അടാട്ടിൽ മുഹമ്മദിന്റെ ഉടമസ്ഥതയിൽ ഉള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ടവർ.

2) 1/38 A മുതൽ C വരെയുള്ള ശ്രീ.അബൂബക്കർ ഹാജിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ടവർ.

3) 1/23 A മുതൽ Z വരെയുള്ള ശ്രീ. പരവക്കൽ എറമു ഹാജിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ടവർ.

4) 3/714 A മുതൽ 714 J വരെയുള്ള ശ്രീ.നവാസിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ടവർ.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-14/09-11-17 ന് നൽകിയ മറുപടിയിയിൽ അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചു. അനുമതിയില്ലാതെ പ്രവർത്തിക്കുന്ന ടവറുകൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-4 വസ്തുനികുതി പിരിവ്-പൊതു അപാകതകൾ.

1) നഗരസഭ സമർപ്പിച്ച 2016-17 വാർഷിക ധനകാര്യപത്രിക പ്രകാരം വസ്തു നികുതി ഇനത്തിൽ ലൈബ്രറി സെസ് അടക്കം 72,31,747 (തൻവർഷം = 33,73,713 + അരിയർ = 38,58,034) രൂപ ഇനിയും പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. നികുതി പിരിവ് ഊർജ്ജിതമാക്കേണ്ടതാണ്.

2) 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം മുനിസിപ്പാലിറ്റി പ്രദേശം പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ തരംതിരിക്കേണ്ടതാണ് എന്നും, യാതൊരു കാരണവശാലും പ്രഥമം, ദ്വിതീയം മേഖലകൾ ഒഴിവാക്കപ്പെടാൻ പാടില്ല എന്നും നിർദേശിച്ചിരുന്നു. എന്നാൽ നഗരസഭയിലെ മുഴവൻ പ്രദേശവും ദ്വിതീയ മേഖലകളിൽ ഉൽപ്പെടുത്തിയത് ക്രമവിരുദ്ധമാണ്. മുഴവൻ പ്രദേശവും ദ്വിതീയ മേഖലകളിൽ ഉൽപ്പെടുത്തി വസ്തു നികുതിയിൽ 10% ഇളവ് അനുവദിച്ചത് മൂലം വസ്തു നികുതിയിനത്തിൽ വൻ കുറവുള്ളതായി കാണുന്നു.

3) 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയം സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം മുനിസിപ്പൽ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപപ്രദേശത്തോ, ശുചിത്വപരിപാലനം, ജല വിതരണം, തെരുവ് വിളക്കുകളും ഡ്രെയ്നേജ് എന്നിവ സംബന്ധിച്ച് പുതിയ സേവനങ്ങൾ ഏർപ്പെടുത്തുന്നതിലേക്കായി കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ് എന്ന നിർദേശം പാലിച്ചിട്ടില്ല.

ഈ വിഷയം ഉന്നയിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-16/9-11-17ക്ക് നൽകിയ മറുപടിയിൽ അപാകത പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചു. അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 2-5 വാടക മുഴുവനായും ഈടാക്കിയില്ല-207942 രൂപയുടെ നഷ്ടം

2016-17 സാമ്പത്തിക വർഷത്തിൽ നഗരസഭയുടെ ഷോപ്പിംഗ് കോംപ്ലക്സിലെ താഴെ കൊടുത്തിരിക്കുന്ന മുറികളുടെ വാടക ഈടാക്കിയിട്ടില്ല. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | റൂം നം | വാടകക്കു നൽകിയ വ്യക്തിയുടെ പേര് | വാടക | സേവന നികുതി | ഈടാക്കാനവശേഷിക്കുന്ന വാടക | ആകെ വാടക |
|---|---|---|---|---|---|---|
| 1 | 15-4116 | കൊട്ടക്കാടൻ യൂസഫ് | 1050 | 158 | (1050+158)*2 | 2416 |
| 2 | 16-4117 | മുഇവാടൻ കുഞ്ഞുമുഹമ്മദ് | 1050 | 158 | (1050+158)*2 | 2416 |
| 3 | 18-4119 | ചീരങ്ങൽ കോമു | 1050 | 158 | (1050+158)*1 | 1208 |
| 4 | 19-4120 | കൊട്ടേക്കാടൻ ബഷീർ | 1050 | 158 | (1050+158)*1 | 1208 |
| 5 | 20-4135 (മാംസ സ്റ്റാൾ) | കല്ലിങ്ങൽ കോയ | 3150 | 473 | (3150+473)*12 | 43476 |
| 6 | 7-4140 | കല്ലിങ്ങൽ സൈതാലിക്കുട്ടി ഹാജി | 3150 | 473 | (3150+473)*8 | 28984 |
| 7 | 9-4142 | പുതുക്കുട്ടി റഷീദ് | 2100 | 315 | (2100+315)*1 | 2415 |
| 8 | 11-5114 | പഞ്ചിളി മുഹമ്മദ് ഷുക്കൂർ | 1500 | 225 | (1500+225)*1 | 1725 |
| 9 | 15-5118 | പഞ്ചിളി അബ്ദുൾ റഹീം | 1500 | 225 | (1500 + 225)x1 | 1725 |
| 10 | 36 (പുളിമുളക്) | എരണിയൽ ഏന്തു | 1000 | 150 | (1500 + 150)x 12 | 13800 |
| 11 | 39 ഡി (ലെമൻ സ്റ്റാൾ) | കായംപുളത്തിൽ സജാദ് | 1000 | 150 | (1000 + 150)x 12 | 13800 |
| 12 | ജി1-3116 | അബ്ദുൾ റഹൂബ് പെരിങ്ങോടൻ | 6912 | 1037 | (6912 + 1037) | 7949 |
| 13 | SCB USZ 1202 | എം.ടി. ഷംസുദ്ദീൻ | 1125 | 169 | (1125 + 169)x 1 | 1294 |
| 14 | M4-9117 | ഹുസൈൻ പുതുക്കടി | 4050 | 608 | (4050 + 608)x 1 | 4658 |
| 15 | M12-9110 | മഞ്ഞക്കണ്ടൻ മൊയ്തീൻ | 4200 | 630 | (4200 + 630)x 2 | 9660 |
| 16 | KMSC – | സൈതാലിക്കുട്ടി | 3300 | 495 | (3300 + 49) | 34155 |

| | | | | | | |
|---|---|---|---|---|---|---|
| | 3/11 4133 | | | | | |
| 17 | 124, 129 2125, 2128 | സി.കെ.റൈഹാൻ | 4500 | 675 | (4500 + 675) | 5175 |
| 18 | 1223 | വിഷ്ണു കുമാർ.ഇ | 1260 | 189 | (1260 + 189)x 12 | 17338 |
| 19 | 11 – New (Meat Stall) | മച്ചിഞ്ചേരി മുഹമ്മദ് കുട്ടി | 2100 | 315 | (2100 + 315)x 5 | 12075 |
| 20 | 11 – New (Meat Stall) | കല്ലിങ്ങൽ മരക്കാർ | 2100 | 315 | (2100 + 315)x 1 | 2415 |

ആകെ 207942 രൂപ

ഈടാക്കാനവശേഷിയ്ക്കുന്ന വാടക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി വിവരം അറിയിയ്ക്കേണ്ടതാണ്.

ക്രമ നം. (1) പ്രകാരമുള്ള വ്യക്തി 2015-16 വർഷത്തിലെ മൂന്ന മാസത്തെ വാടക 10164 രൂപ നാളിതുവരെ അടവാക്കിയിട്ടില്ല. കുടിശ്ശിക പലിശ സഹിതം ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച നൽകിയ ഓഡിററ് എൻക്വയറിയ്ക്ക് (11/08.11.17)മറുപടി ലഭ്യമാക്കിയിട്ടില്ല.

## 2-6 തൊഴിൽ നികുതി അപാകതകൾ

2016 -17 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതിയുടെ ഫയലുകളും അനുബന്ധ രജിസ്ററുകളും പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1 ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയില്ല.

1 താഴെ കൊടുത്തിരിയ്ക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ബി.എസ്.എൻ.എൽ കോട്ടക്കൽ | ഒന്നാം അർദ്ധവർഷം |
| 2 | സൗത്ത് ഇന്ത്യൻ ബാങ്ക് കോട്ടക്കൽ | രണ്ടാം അർദ്ധവർഷം |
| 3 | കെ എസ് എഫ് ഇ കോട്ടയ്ക്കൽ | ഒന്നാം അർദ്ധവർഷം |
| 4 | നജ്മൽഹുദാ എച് എസ് എസ് കാവതിക്കളം | ഒന്നാം അർദ്ധവർഷം |
| 5 | ഇന്ത്യൻ ഓവർസീസ് ബാങ്ക് കോട്ടക്കൽ | രണ്ടാം അർദ്ധവർഷം |
| 6 | ഐ സി ഡി പി സബ് സെന്റർ | രണ്ടാം അർദ്ധവർഷം |
| 7 | കോട്ടക്കൽ സർവീസ് സഹകരണ ബാങ്ക് | ഒന്നാം അർദ്ധവർഷം |
| 8 | ആര്യവൈദ്യശാല എംപ്ലോയീസ് & കോപ്പറേററീവ് സൊസൈററി, കോട്ടക്കൽ | ഒന്നാം അർദ്ധവർഷം |
| 9 | എച് ഡി എഫ് സി ലൈഫ് ഇൻഷുറൻസ് | ഒന്നാം അർദ്ധവർഷം |
| 10 | മണപ്പുറം ബെനെഫിററ് ഫണ്ട് | ഒന്നാം അർദ്ധവർഷം |

| | | |
|---|---|---|
| 11 | എച് ഡി എഫ് സി ബാങ്ക് | രണ്ടാം അർദ്ധവർഷം |
| 12 | കോട്ടക്കൽ കോപ്പറേററീവ് അർബൻ ബാങ്ക് | രണ്ടാം അർദ്ധവർഷം |
| 13 | ഫെഡറൽ ബാങ്ക് | രണ്ടാം അർദ്ധവർഷം |
| 14 | എ എം എൽ പി സ്കൂൾ വില്ലൂർ | രണ്ടാം അർദ്ധവർഷം |
| 15 | പോസ്ററ് ഓഫീസ് ഇന്ത്യന്നൂർ | രണ്ടാം അർദ്ധവർഷം |
| 16 | അർബൻ സെക്യൂരിററി സർവ്വീസ് സൊസൈററി ചങ്കുവെട്ടി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 17 | ജനകീയ കോപ്പറേററീവ് സൊസൈററി, കോട്ടക്കൽ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 18 | എ എം എൽ പി സ്കൂൾ കോട്ടൂർ | ഒന്നാം അർദ്ധവർഷം |
| 19 | ജി എച് ഡി കോട്ടക്കൽ | ഒന്നാം അർദ്ധവർഷം |
| 20 | ജി എ ഡി ചങ്കുവെട്ടി | ഒന്നാം അർദ്ധവർഷം |
| 21 | ആയുർവേദ നഴ്സിംഗ് ഹോം കോട്ടക്കൽ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 22 | സലാല പ്രസ് ആട്ടീരി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 23 | മെറിററ് അഡ്വാൻസ്ഡ് ടെക്നോളജി കോട്ടക്കൽ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 24 | ഫൈവ് സ്ററാർ ഫിനാൻസിയേഴ്സ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 25 | കനറാ ബാങ്ക് | രണ്ടാം അർദ്ധവർഷം |
| 26 | പ്രസിഡൻസി കോളേജ് കോട്ടക്കൽ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 27 | ഐശ്വര്യ ഫിനാൻസ് കോട്ടക്കൽ | ഒന്നാം അർദ്ധവർഷം |
| 28 | മുത്തൂററ് സെക്യൂരിററീസ് കോട്ടക്കൽ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 29 | ശാന്തി മിഷൻ ഐ ഹോസ്പിറ്റൽ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 30 | കോട്ടക്കൽ ഒപ്ററിക്കൽ & വിഷൻ സെന്റർ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 31 | കൊശമററം ഫിനാൻസ് ചങ്കുവെട്ടി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 32 | ന്യൂ ഇന്ത്യ അഷ്വറൻസ് കോപ്പറേററീവ് സൊസൈററി, കോട്ടക്കൽ | ഒന്നാം അർദ്ധവർഷം |
| 33 | ഹാർട്സ്& മലബാർ സൂപ്പർ സ്പെഷ്യാലിററി ഹോസ്പിററൽ കോട്ടക്കൽ | ഒന്നാം അർദ്ധവർഷം |

2.സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല.

താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ 2016-17 ലെ സ്ഥാപന തൊഴിൽനികുതി അടവാക്കിയില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | കേരള ഗ്രാമീൺ ബാങ്ക് | ഒന്നാം അർദ്ധവർഷം |
| 2 | മിംസ് ഹോസ്പിററൽ, ചങ്കുവെട്ടി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 3 | സൗത്ത് ഇന്ത്യൻ ബാങ്ക് കോട്ടക്കൽ | രണ്ടാം അർദ്ധവർഷം |
| 4 | ഇന്ത്യൻ ഓവർസീസ് ബാങ്ക് കോട്ടക്കൽ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 5 | ആര്യവൈദ്യശാല എംപ്ലോയീസ് & കോപ്പറേററീവ് സൊസൈററി, കോട്ടക്കൽ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 6 | എച് ഡി എഫ് സി ലൈഫ് ഇൻഷുറൻസ് കോട്ടക്കൽ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 7 | ഐ സി ഐ സി ബാങ്ക് കോട്ടക്കൽ | രണ്ടാം അർദ്ധവർഷം |
| 8 | മണപ്പുറം ബെനെഫിററ് ഫണ്ട് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 9 | എച് ഡി എഫ് സി ബാങ്ക് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 10 | കോട്ടക്കൽ കോപ്പറേററീവ് അർബൻ ബാങ്ക് | രണ്ടാം അർദ്ധവർഷം |
| 11 | അൽമാസ് ഹോസ്പിററൽ ചങ്കുവെട്ടി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 12 | ഐശ്വര്യ ഫിനാൻസ് കോട്ടക്കൽ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 13 | ജനകീയ കോപ്പറേററീവ് സൊസൈററി, കോട്ടക്കൽ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 14 | ശാന്തിമിഷൻ ഐ ഹോസ്പിറ്റൽ, കോട്ടക്കൽ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 15 | പഞ്ചാബ് നാഷണൽ ബാങ്ക് കോട്ടക്കൽ | രണ്ടാം അർദ്ധവർഷം |
| 16 | എൽ ഐ സി ഓഫ് ഇന്ത്യ കോട്ടക്കൽ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 17 | കൊശമററം ഫിനാൻസ്, ചങ്കുവെട്ടി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 18 | ന്യൂ ഇന്ത്യ അഷ്വറൻസ് കോപ്പറേററീവ് സൊസൈററി, കോട്ടക്കൽ | ഒന്നാം അർദ്ധവർഷം |
| 19 | ഹാർട്സ്& മലബാർ സൂപ്പർ സ്പെഷ്യാലിററി ഹോസ്പിററൽ, കോട്ടക്കൽ | ഒന്നാം അർദ്ധവർഷം |
| 20 | പി എം എ ഓഡിറ്റോറിയം പാലത്തറ | ഒന്നും രണ്ടും |

| | | |
|---|---|---|
| | | അർദ്ധവർഷങ്ങൾ |
| 21 | ഗംഗ ഓഡിറ്റോറിയം കോട്ടക്കൽ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

3.കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല

2016-17 വർഷത്തിൽ 5 കരാറുകാർ നഗരസഭയിൽ വിവിധ പദ്ധതികൾ ഏറ്റെടുത്തു നടത്തിയിട്ടുണ്ട്. എന്നാൽ കരാറുകാരാരും തന്നെ തൻവർഷത്തെ രണ്ടു അർദ്ധവർഷങ്ങളിലെയും തൊഴിൽനികുതി റിട്ടേണുകൾ സമർപ്പിക്കുകയോ തൊഴിൽനികുതി അടവാക്കുകയോ ചെയ്തിട്ടില്ല.

മേൽ പരാമർശിച്ച പ്രകാരമുള്ള തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കി നഗരസഭാ ഫണ്ടിലടവാക്കി വിവരം ഓഡിറ്റിനെ അറിയിയ്ക്കേണ്ടതാണ്. (ഇതു സംബന്ധിച്ച് 12/9.11.17 നമ്പറായി ഓഡിറ്റ് എൻക്വയറി നല്കിയിട്ടുണ്ട്.)

## 2-7 തനത് ഫണ്ട് കറന്റ് അക്കൗണ്ടിൽ നിക്ഷേപിക്കുന്നു. ബാങ്ക് പലിശയിനത്തിൽ കുറവ് -

ദേശസാൽകൃത ബാങ്കുകൾ ഉൾപ്പെടെയുള്ള ബാങ്കിങ്ങ് സ്ഥാപനങ്ങൾ പ്രതിവർഷം ഏറ്റവും കുറഞ്ഞത് നാല് ശതമാനം നിരക്കിലാണ് നിക്ഷേപങ്ങൾക്ക് പലിശ നൽകുന്നത്. എന്നാൽ നഗരസഭക്ക് കുറഞ്ഞ നിരക്കിൽ മാത്രമാണ് പലിശ അനുവദിക്കുന്നത് എന്ന് കാണുന്നു. നഗരസഭക്ക് 2016-17 വർഷത്തിൽ ബാങ്കിൽ നിന്ന് ലഭിച്ച പലിശ 63417 രൂപ മാത്രമാണ് എന്ന് വാർഷിക കണക്കിൽ നിന്ന് വ്യക്തമാവുന്നു. നഗരസഭയുടെ തനത് ഫണ്ട് നിക്ഷേപിക്കുന്നത് കോട്ടക്കൽ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കിലും, ICICI ബാങ്കിലുമാണ്. തനത് ഫണ്ട് നിക്ഷേപിക്കുന്ന സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ 10210001000014 അക്കൗണ്ടിലും, ICICI ബാങ്കിന്റെ 094205000488 അക്കൗണ്ടിലും എത്ര ശതമാനം നിരക്കിലാണ് നഗരസഭക്ക് പലിശ അനുവദിക്കുന്നത് എന്ന് രേഖാമൂലം വ്യക്തമാക്കേണ്ടതാണ്.

അതേസമയം മുൻവർഷം 430829 രൂപ പലിശ ഇനത്തിൽ പഞ്ചായത്തിന് ലഭിച്ചതായി മുൻവർഷ കണക്കുകൾ വ്യക്തമാക്കുന്നു. പലിശ വരവിലെ ഈ കുറവ് ശ്രദ്ധയിൽ പെടുത്തുന്നു.

തനത്ഫണ്ട് അക്കൗണ്ടിന് എപ്രകാരമാണ് പലിശ അനുവദിക്കുന്നത്, എത്ര നിരക്കിലാണ് അനുവദിക്കുന്നത്, എന്ന് മുതലാണ്, എന്നത് സംബന്ധിച്ച് വ്യക്തത വരുത്തുന്ന വിധത്തിൽ ബാങ്കിൽ നിന്ന് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്ന് പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നോട്ട് നിരോധനം വന്നതിനാലാണ് തനത് ഫണ്ട് നിക്ഷേപിക്കുന്നത് കറന്റ് അക്കൗണ്ടിലേക്ക് മാറ്റിയത് എന്ന് വിശദീകരണം നൽകി. അതേസമയം നഗരസഭയുടെ നിക്ഷേപങ്ങൾക്ക് എത്ര ശതമാനം നിരക്കിലാണ് പലിശ അനുവദിക്കുന്നത് എന്നത് സംബന്ധിച്ച യാതൊരു രേഖയും ഹാജരാക്കുകയോ ബാങ്കിൽ നിന്ന് വിശദീകരണം വാങ്ങുകയോ ചെയ്തിട്ടില്ല.

സർക്കാറിന്റെ നിർദ്ദേശമോ, നഗരകാര്യ ഡയറക്ടറുടെ നിർദ്ദേശമോ, കൗൺസിലിന്റെ അംഗീകാരമോ ഇല്ലാതെയാണ് ലക്ഷങ്ങൾ വരുന്ന നഗരസഭയുടെ ദിനേനയുള്ള തനത് വരുമാനം ICICI ബാങ്കിന്റെ കറന്റ് അക്കൗണ്ടിൽ നിക്ഷേപിച്ചത് എന്ന് വ്യക്തമാവുന്നു. ഈ സമീപനം കാരണം നഗരസഭക്ക് ഉണ്ടായ വരുമാന നഷ്ടം വളരെ കനത്തതാണ് എന്ന് വ്യക്തമാവുന്നു. നഗരസഭ സെക്രട്ടറി, അക്കൗണ്ട് കൈകാര്യം ചെയ്യുന്ന സീനിയർ ക്ലർക്ക് എന്നിവർ നഗരസഭയുടെ ഈ ഇനത്തിലെ വരുമാന നഷ്ടത്തിന് ഉത്തരവാദികളാണ്. മുൻവർഷം നഗരസഭക്ക് ലഭിച്ച പലിശ ഇനത്തിലെ വരവ് മാത്രം പരിഗണിച്ചാൽ ഓഡിറ്റ് വർഷം നഗരസഭക്ക് 367412 രൂപയുടെ വരുമാന നഷ്ടം ഉണ്ടായതായി കണക്കാക്കാവുന്നതാണ്.

മലപ്പുറം ജില്ലയിലെ നഗരസഭകളിൽ പലിശ ഇനത്തിൽ വരവ് വന്ന തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. ഇവയിൽ കോട്ടക്കൽ നഗരസഭക്ക് ലഭിച്ചത് വളരെ കുറഞ്ഞ നിരക്കിലാണ് എന്ന് പ്രഥമദൃഷ്ട്യാ വ്യക്തമാവുന്നു.

| നഗരസഭ | Receipt & Payment RP 8 Schedule പ്രകാരമുള്ള പലിശ വരവ് |
|---|---|
| മഞ്ചേരി | 869495 |
| പെരിന്തൽമണ്ണ | 2051404 |
| വളാഞ്ചേരി | 932203 |
| നിലമ്പൂർ | 735720 |
| മലപ്പുറം | 3398824 |
| പൊന്നാനി | 873667 |
| കൊണ്ടോട്ടി | 684818 |
| തിരൂരങ്ങാടി | 816581 |
| പരപ്പനങ്ങാടി | 175781 |

മലപ്പുറം നഗരസഭക്ക് 33 ലക്ഷം രൂപയും, പരപ്പനങ്ങാടിക്ക് 175781 രൂപയും പലിശ ഇനത്തിൽ വരവ് വന്നപ്പോൾ ജില്ലയിലെ തന്നെ പ്രമുഖ നഗരസഭക്ക് ഈ ഇനത്തിൽ വരവ് വന്ന തുക 63417 രൂപയാണ് എന്നത് ഗൗരവപൂർവ്വം പരിശോധിക്കേണ്ടതുണ്ട്. മാത്രമല്ല, നോട്ട് നിരോധനത്തിന്റെ മറവിൽ നഗരസഭയുടെ തനത് വരുമാനങ്ങൾ സ്വകാര്യ ബാങ്കിലേക്ക് മാറ്റിയതിന് പിന്നിൽ വൻ ചരട് വലി ആസൂത്രണം നടന്നതായും സംശയിക്കേണ്ടിയിരിക്കുന്നു.

നഗരസഭയുടെ ഫണ്ട് പലിശയില്ലാത്ത കറന്റ് അക്കൗണ്ടിൽ നിക്ഷേപിക്കാൻ ഇടയായ സാഹചര്യം അന്വേഷണ വിധേയമാക്കേണ്ടതാണ്. നഗരസഭക്ക് പലിശ വരവിനത്തിലുണ്ടായ വരുമാന നഷ്ടം ഉത്തരവാദികളായ ജീവനക്കാരിൽ നിന്ന് ഈടാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഹോമിയോമരുന്നുകൾക്ക് മുൻകൂർ തുക നൽകി - മുഴുവൻ മരുന്നും ലഭിച്ചില്ല-തുക തടസ്സം ചെയ്യുന്നു:-

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ട് നം. SOOO3/17 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന വാങ്ങൽ പദ്ധതിക്കായി MG(NR) ൽ നിന്ന് വകയിരുത്തിയ 2,00,000/-രൂപയും ബിൽ നമ്പർ 1/2016-17 തീ.18.11.16 പ്രകാരം പിൻവലിച്ച് കരാറുടമ്പടി വെക്കാതെ ഡിഡി നമ്പർ 638330/18.11.2016 പ്രകാരം മാനേജിംഗ് ഡയറക്ടർ ഹോംകോ ആലപ്പുഴക്ക് നൽകിയിട്ടുണ്ട്. ആകെ ലഭ്യമാക്കിയത് 75,990/-രൂപയുടെ മരുന്നാണ് (7.4.17ന് ഇൻവോയ്സ് നമ്പർ LF 1453). GST നിലവിൽ വരുന്നതിന് മുൻപ് നൽകിയ തുകയ്ക്ക് GST കൂടാതെ 1,24,010/-രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കേണ്ടതാണ്. 1,24,010/- രൂപ ഓഡിററിൽ തടസ്സം ചെയ്യുന്നു. (ഓഡിററ് എൻക്വയറി നമ്പർ 1/02.11.2017 പ്രകാരം വിശദീകരണം തേടിയിട്ടുണ്ട്.) മരുന്നുകൾ 60 ദിവസത്തിനുള്ളിൽ ലഭ്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അപാകത പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-2 ഔഷധി വൈകി ലഭ്യമാക്കിയ മരുന്നിന്- GST 12 % നിരക്കിൽ ഈടാക്കിയത് ക്രമത്തിലല്ല-തുക തടസ്സം ചെയ്യുന്നു(8237-രൂപ)

ആയുർവ്വേദ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആയുർവ്വേദ ഡിസ്പെൻസറിയ്ക്ക് മരുന്ന വാങ്ങൽ പദ്ധതിയ്ക്കായി പ്രോജക്ട് നമ്പർ SOOO8/17 പ്രകാരം 6,00,000/-രൂപ മെയിന്റനൻസ് ഗ്രാന്റ്

(റോഡിതരം) ഫണ്ടിൽ നിന്ന് വകയിരുത്തിയിരുന്നു. ബിൽ നമ്പർ 03/16-17 തീ.15.12.2016 പ്രകാരം 6,00,000/-രൂപയും പിൻവലിച്ച് ഡി.ഡി.നമ്പർ. 633479/21.12.16 പ്രകാരം ഔഷധി മാനേജിംഗ് ഡയറക്ടർക്ക് നൽകി. ആയതിന് കൈപ്പററ് രശീതി ലഭിച്ചിട്ടുണ്ട്. 60 ദിവസത്തിനുള്ളിൽ മരുന്ന് ലഭ്യമാക്കണമെന്ന വ്യവസ്ഥയിൽ മെഡിക്കൽ ഓഫീസറും ഔഷധി മാനേജിംഗ് ഡയറക്ടറും കരാറുടമ്പടിയും വെച്ചിട്ടുണ്ട്. സർക്കുലർ നമ്പർ 13160/ഡി.എ-1/2010/ത.സ്വ.ഭ.വ.28.11.2010 പ്രകാരം 60 ദിവസത്തിനുള്ളിൽ മരുന്നുകൾ ലഭ്യമാക്കിയില്ലെങ്കിൽ കരാർ വ്യവസ്ഥ പ്രകാരം ഔഷധി നഷ്ടപരിഹാരം നൽകണം. എന്നാൽ മരുന്ന വൈകി ലഭ്യമാക്കുകയും നഗരസഭയുടേതല്ലാത്ത വീഴ്ചയ്ക്ക് 12% ജി.എസ്.ററി.യും ഈടാക്കിയിട്ടുണ്ട്. ഇത് ക്രമത്തിലല്ല. 17.1.17, 8.3.17, 25.3.17, 6.4.17 തീയതികളിലായി 4,98,206/-രൂപയുടെ മരുന്നിന് 5% വാററ് ഇനത്തിൽ 24,910/-രൂപ ഈടാക്കിയിട്ടുണ്ട്. 22.7.17, 18.9.17, 6.10.17 തീയതികളിലായി ലഭിച്ച 68,647/-രൂപയുടെ മരുന്നിന് 12% നിരക്കിൽ ജി.എസ്.ററി. 8237/-രൂപയും ഈടാക്കിയിട്ടുണ്ട്. നഗരസഭയുടേതല്ലാത്ത വീഴ്ചയ്ക്ക് GST ഈടാക്കിയത് ക്രമവിരുദ്ധമാകയാൽ 8237/- രൂപയ്ക്കുള്ള മരുന്നുകൂടി ലഭ്യമാക്കേണ്ടതാണ്. (ഓഡിററ് എൻക്വയറി നമ്പർ 02/2.11.17ന് ഹാജരാക്കിയ മറുപടിയിൽ ഔഷധിയിൽ നിന്ന് മരുന്ന് ലഭ്യമാക്കി വിവരം അറിയിക്കുന്നതാണെന്നറിയിച്ചു.)

## 3-3 മുനിസിപ്പൽ എംപ്ളോയീസ് പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടില്ല

കേരള മുനിസിപ്പാലിററി കണ്ടിജന്റ് എംപ്ളോയീസ് (ഡെത്ത് -കം- റിട്ടയർമെൻറ് ബെനഫിററ്) ചട്ടങ്ങൾ 1997 (ജി.ഒ.(പി)96/97/എൽ.എ.ഡി.തീ.3.5.1997), പ്രകാരം എല്ലാ ഫുൾ ടൈം കണ്ടിജന്റ് എംപ്ളോയീസിന്റേയും പ്രതിമാസ മൊത്തം വേതനത്തിന്റെ 15% തുക അതത് മാസത്തെ കണ്ടിജൻറ് ജീവനക്കാരുടെ ശമ്പള ബില്ലിനൊപ്പം പിൻവലിച്ച് ശമ്പളം മാറുന്ന ദിവസം തന്നെ ട്രഷറി സേവിംഗ്സ് ബാങ്കിൽ മുനിസിപ്പൽ കണ്ടിജന്റ് എംപ്ളോയീസ് പെൻഷൻ ഫണ്ട് എന്ന പേരിൽ സൂക്ഷിക്കേണ്ടതാണ്. ഇങ്ങനെ രൂപീകരിക്കുന്ന പെൻഷൻ ഫണ്ട് വകമാററി ചെലവഴിക്കാനും പാടില്ലാത്തതാണ്. എന്നാൽ കോട്ടക്കൽ മുനിസിപ്പാലിററി 1.11.2010 മുതൽ നിലവിൽ വന്നെങ്കിലും ഓഡിററ് തീയതിയായ 14.11.2017 നും അത്തരത്തിൽ ഒരു അക്കൗണ്ട് തുടങ്ങി മുനിസിപ്പൽ കണ്ടിജന്റ് എംപ്ളോയീസ് പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടില്ല. കണ്ടിജന്റ് ജീവനക്കാരുടെ ശമ്പള ബില്ലിൽ മൊത്തം വേതനത്തിന്റെ 15% പെൻഷൻ അംശദാനമായതിനാൽ ഫണ്ടിൽ നിന്ന് അവർക്ക് നൽകേണ്ട വേതനം മാത്രമാണ് പിൻവലിക്കുന്നത്. (2016-17 ലെ വിവിധ വൗച്ചറുകളിലായി ആകെ 190161 രൂപ പെൻഷൻ അംശദാനമായി കാണിച്ചിട്ടുണ്ട്) ആകയാൽ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ അംശദാനമിനത്തിൽ മുനിസിപ്പൽ ഫണ്ടിൽ പിൻവലിക്കാതെ സൂക്ഷിച്ച നാളിതുവരെയുള്ള കണ്ടിജന്റ് പെൻഷൻ അംശദാനത്തുക മുഴുവനും കണക്കാക്കി മുനിസിപ്പൽ ഫണ്ടിൽ നിന്ന് പിൻവലിച്ച് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതാണ്. ഇതിനായി ഒരു രജിസ്ററർ സൂക്ഷിച്ച് വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. (ഓഡിററ് എൻക്വയറി നമ്പർ 21/14.11.2017 പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.) ഓഡിററ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ വിശദീകരണം നൽകേണ്ടതാണ്.

(H.O സർക്കുലർ 10/17 3-6-2017 പ്രകാരമുള്ള നടപടികൾ പാലിക്കുന്നില്ല).

## 3-4 സെൻട്രൽ പെൻഷൻ ഫണ്ട് - മുനിസിപ്പൽ ഡയരക്ടർക്ക് ഒടുക്കിയ തുകയുടെ വിവരം

1996 ലെ കേരള മുനിസിപ്പാലിററി (ജീവനക്കാരുടെ ഡെത്ത് -കം- റിട്ടയർമെൻറ് ബെനഫിററ്) ചട്ടങ്ങൾ, ചട്ടം 6 പ്രകാരം മുനിസിപ്പൽ ഡയറക്ടറുടെ മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള സെൻട്രൽ പെൻഷൻ ഫണ്ട് മുനിസിപ്പാലിററിയുടെ റഗുലർ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായിട്ടുള്ളതാണ്. ചട്ടം 7(2), ചട്ടം 8 എന്നിവ പ്രകാരം ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്തം വേതനത്തിന്റെ 15% പെൻഷൻ വിഹിതമായി ശമ്പള ബില്ലിനൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്ന് പിൻവലിച്ച് അതതു മാസം 25ന മുൻപ് മുനിസിപ്പൽ ഡയറക്ടറുടെ പേരിൽ ഡി.ഡി.യായി അടയ്ക്കണം.

കോട്ടക്കൽ നഗരസഭ 1.11.2010 മുതൽ നിലവിൽ വന്നെങ്കിലും 1.7.2011 മുതൽ (6/2011 ലെ ശമ്പളം) ഒടുക്കു വരുത്തിയതിന്റെയും പിടിച്ചതിന്റെയും വിവരങ്ങൾ മാത്രമാണ് ഓഡിററ് എൻക്വയറി നമ്പർ 5/6.11.2017 നെ തുടർന്ന് രജിസ്റ്ററിൽ ചേർത്ത് ഹാജരാക്കിയത്. 1.11.2010 മുതൽ 30.6.2011 വരെയുള്ള വിവരം കൂടി ചേർത്ത് രജിസ്റ്റർ കാലികമാക്കി ഓഡിററിന് ഹാജരാക്കേണ്ടതാണ്.

1.7.2011 മുതൽ 6/17 വരെ നഗരകാര്യ ഡയറക്ടർക്ക് ഡി.ഡി.യായും 7/17 മുതൽ നഗരകാര്യ ഡയറക്ടറുടെ പേരിലുള്ള ട്രഷറി TPA A/c No.701010200000064 ലേയ്ക്കാണ് തുക ഒടുക്കി വരുന്നത്. കൈപ്പററ് രശീതി ഹാജരാക്കുന്നില്ല. കൈപ്പററ് രശീതി വാങ്ങി സൂക്ഷിക്കേണ്ടതാണ്. 1.7.2011 മുതൽ ഒടുക്കിയ 69,63,599/-രൂപയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു. റഗുലർ ജീവനക്കാർക്ക് പെൻഷൻ ഇനത്തിൽ തുകയൊന്നും തന്നെ നാളിതു വരെ ചെലവഴിച്ചിട്ടില്ല.

| ക്രമ നമ്പർ | വർഷം/കാലയളവ് | 15% നിരക്കിൽ പിടിച്ച തുക/സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കിയ തുക |
|---|---|---|
| 1. | 1.7.2011 മുതൽ 31.3.2012 വരെ | 4,48,538 |
| 2. | 2012-13 | 8,17,716 |
| 3. | 2013-14 | 9,96,095 |
| 4. | 2014-15 | 11,44.230 |
| 5. | 2015-16 | 12,45,719 |
| 6. | 2016-17 | 14,65,611 |
| 7. | 1.4.17 മുതൽ7.11.17 വരെ | 8,45,690 |
| ആകെ | | 69,63,599/- |

## 3-5 തെരുവു ടാപ്പ് -സംയുക്ത പരിശോധന നടത്തിയില്ല:-

കേരളാ വാട്ടർ അതോറിററി എടപ്പാളിന് 90 ടാപ്പിന് 30.5.16 വരെ 59,130/- രൂപയും 1.6.2016 മുതൽ 61,758/- രൂപയും പ്രതിമാസം ഒടുക്കി വരുന്നുണ്ട്. സംയുക്ത പരിശോധന നടത്തി പ്രവർത്തനനിരതമായവ സ്ഥിരീകരിക്കേണ്ടതാണ്.

ഓഡിററ് എൻക്വയറി നമ്പർ 04/06.11.2017 പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

## 3-6 ആശ്രയ രണ്ടാംഘട്ട പദ്ധതി അംഗീകാരമായില്ല-ഒന്നാം ഘട്ട തുടർ സേവന പദ്ധതി ഭക്ഷണ വിതരണവും പഠനോപകരണ വിതരണവും മാത്രമായി ചുരുങ്ങി

സ.ഉ(എം.എസ്)നം.4/2016ത.സ്വ.ഭ.വ തീയതി 11.1.16 പ്രകാരമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയറി അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗരേഖയിലെ പൊതു നിർദ്ദേശങ്ങൾ 12.3 ൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ ഇല്ലായ്മകൾ സ്ഥിതിവിവര കണക്കുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കി, ഒരു നിശ്ചിത കാലയളവിനുള്ളിൽ ഇല്ലായ്മകൾ പൂർണമായി പരിഹരിയ്ക്കുന്നതിനുള്ള ഒരു പദ്ധതിയ്ക്ക് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും രൂപം നൽകണം. കുടുംബശ്രീ സംഘടനാ സംവിധാനത്തെ ഉപയോഗപ്പെടുത്തി അയൽക്കൂട്ടതലത്തിലും വാർഡ് തലത്തിലും ഗ്രാമപഞ്ചായത്ത് തലത്തിലും പദ്ധതി തയ്യാറാക്കണം. ഇങ്ങനെ തയ്യാറാക്കുന്ന പദ്ധതിയുടെ അടിസ്ഥാനത്തിൽ ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയ്ക്ക് രൂപം നൽകണം. മാർഗ്ഗരേഖയിൽ അനുബന്ധം 13 ആയി ചേർത്ത പരിചരണ സേവന പാക്കേജ് പരിഗണിച്ച്, ഒരു ആശ്രയ പദ്ധതി

തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. തിരൂരങ്ങാടി കോട്ടക്കൽ നഗരസഭയിൽ 2004-2009 കാലയളവിൽ ആശ്രയ ഒന്നാം ഘട്ട പദ്ധതി നടപ്പിലാക്കിയിരുന്നു. 2014-15 കാലയളവിലേക്ക് സ.ഉ.(സാധാ.)നമ്പർ 2478/2015/ത.സ്വ.ഭ.വ. 10.9.2015 പ്രകാരം അംഗീകാരം ലഭിച്ചു. ഒന്നാംഘട്ട ആശ്രയ പദ്ധതിയിൽ ബാക്കി വന്ന പ്ളാൻ ഫണ്ട് പലിശയടക്കം 1,42,620/-രൂപയും ചലഞ്ച്ഫണ്ടിൽ ബാക്കി വന്ന പലിശയടക്കമുള്ള 2,15,665/-രൂപയും 2014-15ൽ നഗരസഭ നീക്കിവെച്ച 10,00,000/-രൂപയും ചലഞ്ച്ഫണ്ട് 1,09,935/-രൂപയും ഗുണകാംക്ഷികളിൽ നിന്ന് സമാഹരിക്കുന്ന 17,150/-രൂപയും ഉൾപ്പെടുത്തി ആകെ 14,84,770/-രൂപയുടെ പ്രോജക്ടിനാണ് അംഗീകാരം ലഭിച്ചത്. പദ്ധതി പ്രകാരം ആകെയുള്ള അഗതി കുടുംബങ്ങൾ 40 പേർക്ക് ഭക്ഷണത്തിന് 160200/-രൂപയും ചികിത്സക്ക് 1,43,100/-രൂപയും വിദ്യാഭ്യാസത്തിന് 13500/-രൂപയും ലാറ്റിൻ 32,000/-രൂപയും ഭൂമിക്ക് 4,00,000/-രൂപയും വീട് നവീകരണത്തിന് 2,00,000/-രൂപയും വീട് നിർമ്മാണത്തിന് 5,00,000/-രൂപയും വസ്ത്രത്തിന് 17150/-രൂപയും അടിയന്തിര റിസർവ് ഫണ്ട് 3820/-രൂപയും പദ്ധതി രൂപീകരണം മോണിററിംങ് എന്നിവയ്ക്ക് 15,000/-രൂപയും ആണ് ലക്ഷ്യമിട്ടത്. പദ്ധതി പ്രകാരം ഭക്ഷണ വിതരണവും പഠനോപകരണ വിതരണവും മാത്രമാണ് നടത്തിയത്. 31.3.2017 വരെ ആകെ 1,31,776/-രൂപ ചെലവഴിച്ചു. രണ്ടാംഘട്ട പദ്ധതിയ്ക്ക് അംഗീകാരമായില്ല. നഗരസഭ 2016-17 ൽ ആശ്രയ രണ്ടാംഘട്ട പദ്ധതിക്കായി 80,000/-രൂപ നൽകിയത് കോട്ടക്കൽ സർവ്വീസ് സഹകരണ ബാങ്കിൻറെ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പർ 5149 ൽ വരവു വന്നു. ബാങ്കിൽ 31.3.2017ന് പലിശയടക്കം 15,45,293/-രൂപ നീക്കിയിരിപ്പുണ്ട്.

ആശ്രയ എന്ന പ്രോജക്ടിന് അർഹിക്കുന്ന പ്രാധാന്യം നൽകി അഗതികൾക്ക് പരമാവധി ആശ്വാസം നൽകാൻ ഓഡിറ്റ് നിർദ്ദേശിക്കുന്നു. ഇതോടൊപ്പംതന്നെ പദ്ധതി നടപ്പിലാക്കുന്നതിന് നഗരസഭയും ആശ്രയ കോ-ഓർഡിനേറ്ററും സ്വീകരിച്ച നടപടികളുടെ പുരോഗതി ഈ റിപ്പോർട്ട് കിട്ടിയാലുടൻ ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

## 3-7 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് അവശേഷിക്കുന്ന മുനിസിപ്പൽ വിഹിതം തിരികെ ഒടുക്കാൻ നിർദ്ദേശം

വെറ്ററിനറി സർജ്ജൻ നിർവഹണ ഉദ്യോഗസ്ഥനായി പ്രോജക്റ്റ് നമ്പർ SOOO4/17 പ്രകാരം പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കുള്ള മുനിസിപ്പൽ വിഹിതം 6,25,000/-രൂപ ബിൽ നമ്പർ 1/16-17 13.2.17 പ്രകാരം പിൻവലിച്ച് ജില്ലയിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ ഡെപ്യൂട്ടി ഡയറക്ടർ (മൃഗസംരക്ഷണം) ക്ക് അക്കൗണ്ട് നമ്പർ 715011400000064 സ്പെഷ്യൽ ററി.എസ്.ബി. അക്കൗണ്ടിലേയ്ക്ക് 13.2.17ന് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. 100 ഗുണഭോക്താക്കൾക്കായുള്ള പദ്ധതിയ്ക്ക് മുനി.വിഹിതം 6,25,000/-രൂപയും സംസ്ഥാന വിഹിതം 6,25,000/-രൂപയും ഗുണഭോക്തൃ വിഹിതം 12,50,000/-രൂപയും ചേർത്ത് ആകെ 25,00,000/-രൂപയാണ് അടങ്കൽ. അതിൽ സംസ്ഥാന വിഹിതം DD(AH)ന് ലഭിച്ചിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം കാലിത്തീററ നൽകുന്ന വേളയിൽ വെറററിനറി സർജ്ജൻ സമാഹരിക്കുന്നുണ്ട്. 100 ഗുണഭോക്താക്കൾക്കായുള്ള പദ്ധതി 5/17 നാണ് ആരംഭിച്ചത്. 32മാസമോ 6250/-രൂപ സബ്സിഡിയോ ഏതാണോ ആദ്യം അതിനനുസരിച്ചാണ് പൂർത്തീകരിക്കുന്നത്. അതിനിടയ്ക്ക് കന്നുകുട്ടി മരണപ്പെട്ടാലും ആനുകൂല്യം അവസാനിക്കുന്നതാണ്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഓരോ ഗുണഭോക്താവിനും ചെലവഴിക്കാനവശേഷിക്കുന്ന മുനിസിപ്പൽ വിഹിതം മുനിസിപ്പാലിറ്റിക്ക് തിരികെ ഒടുക്കാൻ നിർദ്ദേശിക്കുന്നു.

## 3-8 ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് വിഹിതം ലോൺ തിരിച്ചടവ് രജിസ്ററർ കാലികമാക്കിയില്ല

കണ്ടിജന്റ്, റഗുലർ ജീവനക്കാരുടെ പി.എഫ്. വിഹിതം, ലോൺ തിരിച്ചടവ് എന്നിവ യഥാസമയം നഗരകാര്യ ഡയJക്ടർക്ക് ഒടുക്കി വരുന്നുണ്ട്. എന്നാൽ ഇതിനായി സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ 4/17

വരെയുള്ള വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. രജിസ്ററർ കാലികമാക്കി ഓഡിററിന് ഹാജരാക്കേണ്ടതാണ്.

## 3-9 രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.ചെലവ് തുക തടസ്സം ചെയ്യുന്നു.

രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ താഴെ പറയും പ്രകാരമുള്ള ചെലവുകൾ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

നിർവഹണം -സെക്രട്ടറി

| ക്രമനമ്പർ | വൗച്ചർ നമ്പർ/തീയതി | വിവരണം | തുക | സ്ഥാപനം | ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകൾ |
|---|---|---|---|---|---|
| 1 | 21600129 7-5-16 | ചീനംപുത്തൂർ -കാവതികളം കുടിവെള്ള പദ്ധതി വൈദ്യുതീകരണം | 5600 | കെ എസ് ഇ ബി കോട്ടയ്ക്കൽ | രശീതി |
| 2 | 21600138 11-5-16 | ചീനംപുത്തൂർ -കാവതികളം കുടിവെള്ള പദ്ധതി വൈദ്യുതീകരണം | 8400 | കെ എസ് ഇ ബി കോട്ടയ്ക്കൽ | രശീതി |
| 3 | 21600154 23-5-16 | പുന്നപ്പറമ്പ് കുഴൽക്കിണർ നിർമ്മാണം | 1064 | ജില്ലാ ഓഫീസർ, ഭൂഗർഭ ജലവകുപ്പ് മലപ്പുറം | രശീതി |
| 4 | 21600166 26-5-16 | വാർഡ് 28 ൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തുക ഒടുക്കിയത് | 14300 | കെ എസ് ഇ ബി കോട്ടയ്ക്കൽ | രശീതി |
| 5 | 21600169 26-5-16 | വാർഡ് 28 ൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തുക ഒടുക്കിയത് | 33300 | കെ എസ് ഇ ബി കോട്ടയ്ക്കൽ | രശീതി |
| 6 | ചെക്ക് നമ്പർ 1428174/14-6-16 | വാർഡ് 28 ൽ ഗാന്ധിനഗർ ഭാഗത്ത് വോൾട്ടേജ് ക്ഷാമം | 63300 | കെ എസ് ഇ ബി കോട്ടയ്ക്കൽ | രശീതി |

| | | | | | |
|---|---|---|---|---|---|
| | | പരിഹരിക്കുന്നതിന് ലൈൻ വലിക്കൽ- എസ്റ്റിമേറ്റ് തുക ഒടുക്കിയത് | | | |
| 7 | 21600257<br>28-6-16 | വാർഡ് 29ൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തുക ഒടുക്കിയത് | 19300 | കെ എസ് ഇ ബി കോട്ടയ്ക്കൽ | രശീതി |
| 8 | 21600321<br>14-7-16 | വാർഡ് 5ൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തുക ഒടുക്കിയത് | 22300 | കെ എസ് ഇ ബി കോട്ടയ്ക്കൽ | രശീതി |
| 9 | 21600322<br>14-7-16 | വാർഡ് 5ൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തുക ഒടുക്കിയത് | 29000 | കെ എസ് ഇ ബി കോട്ടയ്ക്കൽ | രശീതി |
| 10 | 21600323<br>14-7-16 | വാർഡ് 5ൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തുക ഒടുക്കിയത് | 21000 | കെ എസ് ഇ ബി കോട്ടയ്ക്കൽ | രശീതി |
| 11 | 21600333<br>21-7-16 | മദ്രസ്സപ്പടി അംഗനവാടി<br>സെക്യൂരിറ്റി തുകയും എസ്റ്റിമേറ്റ് തുകയും ഒടുക്കിയത് | 2400 | കെഎസ് ഇ ബി കോട്ടയ്ക്കൽ | രശീതി |
| 12 | 21600398<br>9-8-16 | വാർഡ് 23 ൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കാൻ എസ്റ്റിമേറ്റ് തുക ഒടുക്കിയത്. | 15475 | കെഎസ് ഇ ബി കോട്ടയ്ക്കൽ | രശീതി |
| 13 | 21600411<br>19-8-16 | വാർഡ് 27 ൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കാൻ | 45300 | കെഎസ് ഇ ബി കോട്ടയ്ക്കൽ | രശീതി |

| | | | | | |
|---|---|---|---|---|---|
| | | എസ്റ്റിമേറ്റ് തുക ഒടുക്കിയത്. | | | |
| 14 | ചെക്ക് നമ്പർ 1428903 23-8-16 | സോഷ്യൽ സെക്യൂരിറ്റി മിഷന് നഗരസഭാ വിഹിതം നൽകിയത്. | 499000 | എക്സിക്യൂട്ടിവ് ഡയറക്ടർ കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ | രശീതി |
| 15 | 21600428 26-8-16 | വാർഡ് 5 ൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കാൻ എസ്റ്റിമേറ്റ് തുക ഒടുക്കിയത്. | 26300 | കെഎസ് ഇ ബി കോട്ടയ്ക്കൽ | രശീതി |
| 16 | 21600542 7-10-16 | പി .എച്ച്.സി കെട്ടിടത്തിന് വാടക നൽകിയത് | 7000 | അബ്ദുറഹ്മാൻ | രശീതി |
| 17 | 21600718 20-12-16 | കുഴൽക്കിണർ സംബന്ധിച്ച സർവ്വേ നടത്തുന്നതിന് ഭൂഗർഭ ജലവകുപ്പിൽ നിക്ഷേപിച്ചത് | 24500 | ജില്ലാ ഓഫീസർ ഭൂഗർഭ ജലവകുപ്പ് മലപ്പുറം | സർവ്വേ റിപ്പോർട്ട് |
| 18 | 21600886 9-2-17 | കുഴൽക്കിണർ റിപ്പയർ നടത്തുന്നതിന് ഭൂഗർഭ ജലവകുപ്പിൽ നിക്ഷേപിച്ചത് | 289826 | ജില്ലാ ഓഫീസർ ഭൂഗർഭജലവകുപ്പ് മലപ്പുറം | രശീതി, വിനിയോഗ സാക്ഷ്യപത്രം |
| 19 | 21100891 14-2-17 | കുഴൽക്കിണർ സംബന്ധിച്ച സർവ്വേ നടത്തുന്നതിന് ഭൂഗർഭ ജലവകുപ്പിൽ നിക്ഷേപിച്ചത് | 45500 | ജില്ലാ ഓഫീസർ ഭൂഗർഭജലവകുപ്പ് മലപ്പുറം | സർവ്വേ റിപ്പോർട്ട് |
| 20 | 21601017 13-3-17 | നഗരസഭാ വിഹിതം അടവാക്കിയത് | 5000 | ജനറൽ സെക്രട്ടറി കേരള ഫെഡറേഷൻ ഓഫ് ദ | രശീതി |

| | | | | | |
|---|---|---|---|---|---|
| | | | | ബ്ലൈൻഡ് തിരുവനന്തപുരം | |
| | | ആകെ | 1177865 | | |

ഇതു സംബന്ധിച്ച് 10/8-11-17 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഈ ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റുന്ന മുറയ്ക്കോ, എൻക്വയറിയുടെ മറുപടിയുൾപ്പെട അതിനു മുമ്പോ എല്ലാ രേഖകളും ഹാജരാക്കി അപാകത പരിഹരിക്കേണ്ടതാണ്. ആയതിന് വീഴ്ചയുണ്ടായാൽ തടസ്സപ്പെടുത്തിയ തുക നിരാകരിച്ച് തിരികെ ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതായിരിക്കും.

## 3-10 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താതെയും പ്രോജെക്ട് തയ്യാറാക്കി അംഗീകാരം വാങ്ങാതെയും മരാമത്ത് പ്രവൃത്തികൾക്ക് തുക ചെലവഴിച്ചത് തടസ്സം ചെയ്യുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ(എം എസ്) നമ്പർ 4/2016 തസ്വഭവ തി.11-1-2016 പ്രകാരം എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ, വികസനേതര ചെലവുകൾ, അനിവാര്യ പൊതു ചുമതലകൾ നിറവേറ്റുന്നതിനായി വേണ്ടിവരുന്ന ചെലവുകൾ മുതലായവ വഹിച്ചതിനു ശേഷമുള്ള മിച്ചവും പൊതു ആവശ്യമുള്ള ഫണ്ടിലെ മിച്ചമുള്ള തുകയും പ്രോജെക്ടുകൾക്ക് തനത്ഫണ്ട് സ്രോതസ്സായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾ ടി.എസും, എ.സും ലഭ്യമാക്കിയ ശേഷം പ്രോജെക്ട് തയ്യാറാക്കി ആസൂത്രണ കമ്മിറ്റിയുടെ അംഗീകാരം വാങ്ങാതെയാണ് തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിരിക്കുന്നത്. ഗുണഭോക്തൃ സമിതി കൺവീനർ വഴി നടത്തിയ ഈ പ്രവൃത്തികൾക്ക് മുനിസിപ്പൽ എഞ്ചിനീയർ മേൽനോട്ടം വഹിക്കുകയും സെക്രട്ടറി ചെക്ക് നൽകുകയുമാണ് ചെയ്തത്.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര്/ഫയൽ നമ്പർ | ചെക്ക് നമ്പർ/തീയതി | വൗച്ചർ നമ്പർ/തീയതി | തുക |
|---|---|---|---|---|
| 1 | മുളയൻകോട്ട തുറക്കൽ തല്ലാർതൊടി റോഡ് റിപ്പയർ pw2-6029/16 | 162535 5-4-16 | 2160035 5-4-16 | 409157 |
| 2 | സർ ഹിന്ദ് നഗർ കുടിവെള്ള പദ്ധതി pw2-50/16 | 163894 8-4-16 | 21600044 8-4-16 | 100000 |
| 3 | ചങ്കുവെട്ടി എൻഎച്ച് പൊട്ടിപ്പാറ റോഡ് റീടാറിംഗ് pw2-4521/13(2) | 163800 7-5-16 | 21600128 7-5-16 | 471698 |
| 4 | കുരിയാട് കല്ലറമ്പ് മണിയേങ്കൽ റോഡ് കോൺക്രീറ്റിംഗ് pw2-12052/15 | 163804 10-5-16 | 21600135 10-5-16 | 466937 |

| | | | | |
|---|---|---|---|---|
| 5 | കോട്ടപ്പറമ്പ്-പൊൻമളതൊടി പാത്ത്‌വേ കോൺക്രീറ്റിംഗ് pw2-7316/16 | 163805 10-5-16 | 21600136 10-5-16 | 344407 |
| 6 | മൂഴിക്കൽ എടവഴി റോഡ് കോൺക്രീറ്റിംഗ് pw2 -6028/16 | 163806 10-5-16 | 21600137 10-5-16 | 445382 |
| 7 | നന്ദയിൽ പറമ്പ് റോഡ് രണ്ടാംഘട്ടം കോൺക്രീറ്റിംഗ് pw2-374/16 | 163808 11-5-16 | 21600139 11-5-16 | 377353 |
| 8 | മരവട്ടം ഫൂട്ട്പാത്ത് കോൺക്രീറ്റിംഗ് pw2-146/16 | 163809 11-5-16 | 21600140 11-5-16 | 226396 |
| 9 | വൈദ്യരത്നം വരുക്കാത്തറ റോഡ് സൈഡ് പ്രൊട്ടക്ഷൻ pw2-4567/15 | 1428159 12-5-16 | 21600141 12-5-16 | 228839 |
| 10 | ലക്ഷംവീട് ഇന്റേണൽ റോഡ് രണ്ടാംഘട്ടം കോൺക്രീറ്റിംഗ് pw2-17656/15 | 1428160 12-5-16 | 21600163 12-5-16 | 468868 |
| 11 | പടിഞ്ഞാറേത്തറ പള്ളിയാൽ റോഡ് കോൺക്രീറ്റിംഗ് pw2-16356/15 | 163825 25-5-16 | 21600163 25-5-16 | 413026 |
| 12 | സോപാനം പാത്ത് വേ കോൺക്രീറ്റിംഗ് pw2-12009/15 | 1428166 31-5-16 | 21600179 31-5-16 | 226413 |
| 13 | ഹെൽത്ത് സെന്റർ നവീകരണം NRHM pw2-12902/11 | 1428180 29-6-16 | 21600261 29-6-16 | 109372 |
| 14 | ആലിൻ ചുവട് കുറുക്കനാട്ടിരി റോഡ് രണ്ടാംഘട്ടം കോൺക്രീറ്റിംഗ് pw2-10154/16 | 1428182 2-7-16 | 21600296 2-7-16 | 347519 |
| 15 | കല്ലറമ്പ് കോളനി റോഡ് കോൺക്രീറ്റിംഗ് pw2-13200/14 | 1428188 14-7-16 | 21600318 14-7-16 | 121118 |

| | | | | |
|---|---|---|---|---|
| 16 | മുളവത്തിൻമുകൾ പാത്ത്‌വേ റനവേഷൻ പ്രവൃത്തി pw2-12407/15 | 1428190 14-7-16 | 2600320 14-7-16 | 282963 |
| 17 | കല്ലറമ്പ് കോളനി റോഡ് കോൺക്രീറ്റിംഗ് pw2-13200/16 | 164788 29-7-16 | 21600347 29-7-16 | 27245 |
| 18 | പണിക്കർകുണ്ട്-വട്ടപ്പാറ പാത്ത്‌വേ റനവേഷൻ pw2-11380/15 | 164992 4-8-16 | 21600388 4-8-16 | 537090 |
| | ആകെ | | | 5603783 |

പ്രോജെക്ട് രൂപീകരിക്കാതെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് മരാമത്ത് പ്രവൃത്തികൾ നടത്തിയതിനാൽ 5603783 രൂപഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ഇതു സംബന്ധിച്ച് നമ്പർ 18/14-11-17 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല.

## 3-11 എ ബി സി പദ്ധതി -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

ജില്ലാ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന തെരുവുനായ പ്രജനന നിയന്ത്രണ പരിപാടി (ABC പദ്ധതി) യുടെ ഭാഗമായി പ്രോജെക്ട് നമ്പർ 240/17 പ്രകാരം 1,00,000 രൂപ സെക്രട്ടറി വികസന ഫണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. (ബിൽ നമ്പർ 9/16-17 തി. 17-2-17). മേൽ തുക ജില്ലാ മൃഗസംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ ട്രഷറി അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ-79901400000305) ട്രാൻസ്ഫർ ചെയ്യുകയും ചെയ്തിട്ടുണ്ട്. മേൽ തുകയുടെ കൈപ്പറ്റ് രശീതിയും പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രവും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്നു കാണിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 8/8-11-17 ന് മറുപടി ലഭ്യമാക്കിയില്ല. ചെലവു തുകയായ 1,00,000/- രൂപ തടസ്സപ്പെടുത്തുന്നു. ഈ ഓഡിറ്റ് റിപ്പോർട്ട് കിട്ടുന്ന മുറയ്ക്കോ അതിനു മുമ്പായോ അപാകത പരിഹരിച്ച് ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

## 3-12 പി എം എ വൈ പദ്ധതി ഒരവലോകനം

2016-17 വർഷത്തിൽ പി എം എ വൈ ഭവന പദ്ധതി- പ്രോജെക്ട് നമ്പർ 295/17 പ്രകാരം താഴെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| വികസനഫണ്ട് | 835831 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1314169 |
| ആകെ അനുവദിച്ച തുക | 2150000 |

മേൽ തുക യൂനിയൻ ബാങ്ക് കോട്ടയ്ക്കൽ ശാഖയിൽ (അക്കൗണ്ട് നമ്പർ 578402010014617)

നിക്ഷേപിച്ചിട്ടുണ്ട്. ഒരു ഗുണഭോക്താവിന് 2.5 ലക്ഷം രൂപയാണ് വിവിധ ഘട്ടങ്ങളിലൂടെ ഭവന നിർമ്മാണത്തിന് ധനസഹായമായി നൽകുന്നത്. ഭവന നിർമ്മാണത്തിന്റെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിഭാഗം | ഡി പി ആറിൽ ഉൾപ്പെട്ടവർ | എഗ്രിമെന്റ് വെച്ചവർ | ഒന്നാംഗഡു കൈപ്പറ്റിയവരുടെ എണ്ണം (30000 രൂപ) | രണ്ടാംഗഡു കൈപ്പറ്റിയവരുടെ എണ്ണം (120000 രൂപ) | പ്രവൃത്തി പൂർത്തിയാക്കിയവരുടെ എണ്ണം. |
|---|---|---|---|---|---|
| ജനറൽ | 45 | 34 | 34 | 20 | 0 |

ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് ഭരണസമിതിയും നിർവഹണ ഉദ്യോഗസ്ഥരും സത്വര നടപടികൾ സ്വീകരിച്ച് അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് ഗുണഭോക്താക്കൾക്ക് നിർദ്ദേശം നൽകേണ്ടതും പുരോഗതി ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതുമാണ്.

## 3-13 സാക്ഷരതാ തുല്യതാ പരിപാടി സംബന്ധിച്ച്

2016-17 വർഷത്തിൽ പ്രിൻസിപ്പൽ GRHSS കോട്ടക്കൽ നിർവഹണ ഉദ്യോഗസ്ഥയായി പ്രോജെക്ട് നമ്പർ 184/17, പത്താംതരം, ഹയർസെക്കൻഡറി സാക്ഷരതാ തുല്യതാ പരിപാടിക്ക് വിഹിതം നൽകുന്നതിനായി വികസനഫണ്ടിൽ നിന്നും 1,99,500 രൂപ പിൻവലിച്ചിട്ടുണ്ട്. മേൽ തുക കേരള സംസ്ഥാന സാക്ഷരതാമിഷൻ ഡയറക്ടറുടെ 57026996123 SBT ശാസ്തമംഗലം അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വിഭാഗം | രജിസ്റ്റർ ചെയ്തവരുടെ എണ്ണം | നിജപ്പെടുത്തിയ തുക | ആകെ തുക |
|---|---|---|---|---|
| 1 | പത്താംതരം തുല്യതാ കോഴ്സ് | 107 | 1500 | 1,60,500 |
| 2 | ഹയർസെക്കൻഡറി തുല്യതാ കോഴ്സ് | 20 | 1950 | 39,000 |
| | ആകെ | | | 1,99,500 |

മേൽ പ്രോജെക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

1 കേരള സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടറുടെ കൈപ്പറ്റ് രശീതി.

2 രജിസ്റ്റർ ചെയ്തവർ കോഴ്സ് പൂർത്തിയാക്കിയതിന്റെയും പരീക്ഷ എഴുതിയതിന്റെയും വിശദാംശങ്ങൾ.

3 വിനിയോഗ സാക്ഷ്യപത്രം

ഇതു സംബന്ധിച്ച് നമ്പർ 19/14-11-17 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകതകളുടെ വെളിച്ചത്തിൽ ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 3-14 സ്കൂളുകൾക്കും ക്ലബ്ബുകൾക്കും സ്പോർട്ട്സ് കിറ്റ് വിതരണം -അപാകതകൾ

1 വർഷം-2016-17

പ്രോജെക്റ്റ് നമ്പർ-249/17

രജിസ്റ്റേർഡ് ക്ലബ്ബുകൾക്ക് സ്പോർട്ട്സ് കിറ്റ്, ഫുട്ബാൾ, ജഴ്സി എന്നിവ വാങ്ങി നൽകൽ

നിർവഹണം-പ്രിൻസിപ്പൽ, ഗവ:രാജാസ് ഹയർസെക്കൻഡറി സ്കൂൾ

അടങ്കൽ-4,99,000 രൂപ

ബിൽ നമ്പർ 12/16-17 തി.31-3-17 പ്രകാരം വികസനഫണ്ടിൽ നിന്നും 4,97,778 രൂപ പിൻവലിക്കുകയും രജിസ്റ്റേർഡ് ക്ലബ്ബുകൾക്ക് നൽകാൻ വേണ്ടി YACCA സ്പോർട്ട്സ് പെരിന്തൽമണ്ണയിൽ നിന്നും വിവിധ സ്പോർട്ട്സ് ഉപകരണങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്.(ഇൻവോയ്സ് നമ്പർ-97/28-3-17). ആയതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. മേൽ പ്രോജെക്ടുമായി ബന്ധപ്പെട്ട് ടെണ്ടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കിയില്ല.

2. 650 രൂപ വിലയുള്ള 129 ഫുട്ബോളുകൾ വാങ്ങുന്നതിന് നികുതി ഉൾപ്പടെ 88043.50 രൂപ ചെലവായിട്ടുണ്ട്. എന്നാൽ വിതരണ രശീതി പ്രകാരം 35 ക്ലബ്ബുകൾക്ക് 3 ഫുട്ബോളുകൾ വീതം ആകെ 102 ഫുട്ബോളുകൾ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. ആയതിനാൽ വിതരണം ചെയ്യാത്ത 129-102 = 27 ഫുട്ബോളുകളുടെ വില 17,550 രൂപ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

<u>2 .പ്രോജെക്റ്റ് നമ്പർ-183/17</u>

സ്കൂളിലേക്ക് മെഡിക്കൽ കിറ്റ്, സ്പോർട്ട്സ് കിറ്റ് വിതരണം

മെയിന്റനൻസ് ഫണ്ട് നോൺ റോഡിൽ നിന്നും ബിൽ നമ്പർ 11/16-17 തി. 31-3-17 പ്രകാരം 97,712 രൂപ പിൻവലിക്കുകയും ബ്യൂട്ടി സ്പോർട്ട്സ് കോട്ടയ്ക്കൽ എന്ന സ്ഥാപനത്തിൽ നിന്നും താഴെ പറയുന്ന സ്കൂളുകളിലേക്ക് വിതരണം ചെയ്യുന്നതിനായി വിവിധ സ്പോർട്ട്സ് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

1 ഗവ: രാജാസ് ഹയർസെക്കൻഡറി സ്കൂൾ കോട്ടയ്ക്കൽ

2 ഗവ: രാജാസ് ഹൈസ്കൂൾ കോട്ടയ്ക്കൽ

3 ജി യു പി സ്കൂൾ കോട്ടയ്ക്കൽ

4 ജി എം യു പി സ്കൂൾ കോട്ടയ്ക്കൽ

സ്പോർട്ട്സ് ഉപകരണങ്ങൾ വിവിധ സ്കൂളുകളിലെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ, പ്രോജെക്റ്റ്, ബ്യൂട്ടി സ്പോർട്ട്സ് കോട്ടയ്ക്കലിന്റെ കൈപ്പറ്റ് രശീതി എന്നിവ ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ ചെലവ് തുക 97,712 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് 20/14-11-17 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. മറുപടി ലഭ്യമാക്കിയില്ല. ഈ ഓഡിറ്റ് റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് അപാകത പരിഹരിച്ച് സമർപ്പിക്കേണ്ടതാണ്.

## 3-15 <u>മരുന്ന് ലഭ്യമാക്കിയില്ല</u>

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.കോട്ടക്കൽ) നിർവ്വഹണ ഉദ്യോഗസ്ഥനായി നഗരസഭയിൽ വിവിധ മരുന്ന് വാങ്ങൽ പദ്ധതികൾക്കായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനു മുൻകൂറായി തുക കൈമാറിയിട്ടുണ്ടെങ്കിലും നാളിതുവരെ മുഴുവൻ മരുന്നുകളും ലഭ്യമാക്കിയിട്ടില്ല. വിശദ വിവരം ചുവടെ.

| പദ്ധതി | ബിൽ നമ്പർ | ചെലവഴിച്ച തുക | മരുന്ന് ലഭ്യമാക്കിയത് | ഇനിയും ലഭ്യമാക്കാ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | നുള്ളത് |
| സി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ, പ്രോജക്റ്റ് നമ്പർ.Soo12/17 | 13/16-17/ 20-03-2017 | 1,35,000 | 83477.42+GST=9212.32 (CGST=4472+ SGST=4472+ HandlingCharge GST=268.32) InvoiceNo.3390/13-09-17 | 51522.58 |
| കിടപ്പിലായ രോഗികൾക്ക് മരുന്ന് വാങ്ങൽ (പരിരക്ഷ) പ്രോജക്റ്റ് നമ്പർ.Soo14/17 | 11/16-17/ 20-03-2017 | 81,906 | 56259.46+GST=6208.63 (CGST=301390+SGST =3013.90+Handling Charge GST=180.83) InvoiceNo.3387/13-09-17 | 25646.54 |
| വയോമിത്രം പദ്ധതി- മരുന്ന് വാങ്ങൽ പ്രോജക്റ്റ് നമ്പർ.Soo176/17 | 14/16-17/ 20-03-2017 | 1,77,913 | 64236.31+GST=7089.09 (CGST=3441.24+SGST =3441.24+ Handling Charge GST=206.47) InvoiceNo.3385/13-9-17 | 113676.69 |
| | ആകെ | 394819 | 203973.19 | 190845.81 |

തുക മുൻകൂറായി നൽകിയെങ്കിലും കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ GST ഈടാക്കിയതിനെ തുടർന്ന് മരുന്ന് ലഭ്യമാക്കാനുണ്ടായ കാലതാമസം മൂലം നഗരസഭക്ക് 22510.04 രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-7/7-11-17 ക്ക് നൽകിയ മറുപടിയിൽ മരുന്ന് ലഭ്യമാക്കുന്നതാണ് എന്ന് അറിയിച്ചു. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ഈടാക്കിയ GST തുകയായ 22510.04 രൂപക്ക് കൂടി മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി നഗരസഭയും നിർവഹണ ഉദ്യോഗസ്ഥനും കൂടി സ്വീകരിക്കേണ്ടതാണ്. ചെലവ് തുക താൽക്കാലികമായി തടസ്സപ്പെടുത്തുന്നു. ഈ ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റിയാലുടൻ അപാകത പരിഹരിച്ച് ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്. വീഴ്ചയുണ്ടായാൽ തടസ്സപ്പെടുത്തിയ തുക നിരാകരിച്ച് ഉത്തരവാദിയിൽ നിന്നും ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## 3-16 കരാർ വെക്കാതെയും സർക്കാർ നിർദേശം പാലിക്കാതെയും ഡെപ്പോസിറ്റ് വർക്കുകൾ

നഗരസഭ ഈ വർഷം വിവിധ പ്രവൃത്തികൾക്കായി മുനിസിപ്പൽ എഞ്ചിനീയർ നടപ്പിലാക്കിയ, നിർവഹണ ഏജൻസികളിൽ ഡേപ്പോസിറ്റ് ചെയ്ത തുകയുടെ വിവരം താഴെ കൊടുക്കുന്നു. ഈ പ്രവൃത്തികൾ പൂർത്തീകരിച്ചതായ വിവരം ഫയലിൽ രേഖപ്പെടുത്തുകയോ, നിർവഹണ ഏജൻസിയുമായി നഗരസഭയുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്ന വിധത്തിൽ കരാർ വെക്കുകയോ ചെയ്തിട്ടില്ല എന്ന് വ്യക്തമാവുന്നു.

| പ്രോജക്റ്റ് | അടവാക്കിയ തുക | ഏജൻസി | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 251/17 വിവിധ വാർഡുകളിൽ കുഴൽ കിണർ (FC Grant 16.5 Lakhs) | 45500 | GWD | FC ഗ്രാന്റ് 16.5 ലക്ഷം വകയിരുത്തിയ പ്രോജക്റ്റിന് തനത് ഫണ്ടിൽ നിന്ന് ഇൻവെസ്റ്റിഗേഷൻ ചാർജ് അടവാക്കുക മാത്രമാണ് ചെയ്തത്. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഫയലിൽ ഇല്ല. |
| 284/17 സർഹിന്ദ് നഗർ കുടിവെള്ള പദ്ധതി-പൈപ്പ് ലൈൻ മാറ്റൽ (FC Grant 147525, Plan fund 215453, World Bank Fund 337022) | 17 ലക്ഷം | KWA | മൂന്ന് ബില്ലുകളിലായി തുക KWA യുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്.<br>കരാർ വെച്ചിട്ടില്ല.<br>പ്രവൃത്തി പൂർത്തിയായോ എന്ന് വ്യക്തമല്ല. |
| 203/17 കുഴൽ കിണർ നിർമാണം, ഹാന്റ് പമ്പ് സ്ഥാപിക്കൽ (FC Grant 8.5 Lakhs, Own Fund 100000) | 837476 | GWD | ഇൻവെസ്റ്റിഗേഷൻ ചാർജ് ഇനത്തിൽ 24500 രൂപയും ഡേപ്പോസിറ്റ് ഇനത്തിൽ 812978 രൂപയും അടവാക്കുന്നുണ്ട്. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഫയലിൽ ഉണ്ട്.<br>കരാർ വെച്ചിട്ടില്ല.<br>പ്രവൃത്തി പൂർത്തിയായോ എന്ന് വ്യക്തമല്ല. |
| 276/17 ആലിക്കൽ കുടിവെള്ള പദ്ധതി. മോട്ടോർ, ടാങ്ക് സ്ഥാപിക്കൽ (Plan 7 Lakhs) | 700000 | KWA | എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.<br>കരാർ വെച്ചിട്ടില്ല.<br>പ്രവൃത്തി പൂർത്തിയായോ എന്ന് വ്യക്തമല്ല. |
| 275/17 ആലിക്കൽ സർഹിന്ദ് നഗർ DWS-പൈപ്പ് ലൈൻ നീട്ടൽ (FC Grant 15 Lakhs) | 15 ലക്ഷം | KWA | എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.<br>കരാർ വെച്ചിട്ടില്ല.<br>പ്രവൃത്തി പൂർത്തിയായോ എന്ന് വ്യക്തമല്ല. നിലവിലുള്ള കുടിവെള്ള പദ്ധതി കാലപ്പഴക്കം കാരണം പ്രവർത്തനക്ഷമമല്ല എന്ന് വാർഡ് കൗൺസിലറുടെ കത്തിൽ പരാമർശിക്കുന്നുണ്ട്. എന്നാൽ ആയത് സംബന്ധിച്ച എഞ്ചിനീയറിങ്ങ് വിങ്ങിന്റെ അഭിപ്രായം ആരാഞ്ഞിട്ടില്ല. |
| 292/17 ആലിക്കൽ കുടിവെള്ള പദ്ധതി വിതരണ ലൈൻ മാറ്റൽ ( Plan 1031724, FC Grant 519598, Own Fund 48678) | 16 ലക്ഷം | KWA | രണ്ട് ബില്ലുകളിലായി തുക KWA ക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.<br>കരാർ വെച്ചിട്ടില്ല.<br>പ്രവൃത്തി പൂർത്തിയായോ എന്ന് വ്യക്തമല്ല.<br>നിലവിലുള്ള കുടിവെള്ള പദ്ധതി |

| | | | |
|---|---|---|---|
| | | | കാലപ്പഴക്കം കാരണം പ്രവർത്തനക്ഷമമല്ല എന്ന് വാർഡ് കൗൺസിലറുടെ കത്തിൽ പരാമർശിക്കുന്നുണ്ട്. എന്നാൽ ആയത് സംബന്ധിച്ച എഞ്ചിനീയറിങ്ങ് വിങ്ങിന്റെ അഭിപ്രായം ആരാഞ്ഞിട്ടില്ല. |
| 290/17 തോക്കംപ്പാറ ഹെൽത്ത് സെന്റർ DWS (Plan 100000 ) | 100000 | KWA | എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.<br>കരാർ വെച്ചിട്ടില്ല.<br>പ്രവൃത്തി പൂർത്തിയായോ എന്ന് വ്യക്തമല്ല. |
| 285/17 കുടിവെള്ള വിതരണത്തിന് KWA ക്ക് മോട്ടോർ വാങ്ങി നൽകൽ (FC ഗ്രാന്റ് 17.25 ലക്ഷം ) | 17.25 ലക്ഷം | KWA | എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.<br>കരാർ വെച്ചിട്ടില്ല.<br>പ്രവൃത്തി പൂർത്തിയായോ എന്ന് വ്യക്തമല്ല. |
| 268/17 കുഴൽ കിണർ റിപ്പയർ<br>(Plan 390000) | 390000 | GWD | റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഒരു കുഴൽ കിണറിന് 9994 കണക്കാക്കി പ്ലാൻ വിഹിതം ട്രാൻസ്ഫർ ചെയ്തു.<br>നിലവിൽ ആവശ്യത്തിന് ജല ലഭ്യതയുള്ളവയാണോ ഇവയെന്ന് വ്യക്തമല്ല.<br>കരാർ വെച്ചിട്ടില്ല.<br>പ്രവൃത്തി പൂർത്തിയായോ എന്ന് വ്യക്തമല്ല. |

ഡേപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക അടവാക്കുന്നതിന് മുൻകൂറായി പണം പിൻവലിക്കാവുന്നതാണ്. ഇത് GO(P)177/2006/Fin 12.04.2006 ഉത്തരവ് പ്രകാരമുള്ള വ്യവസ്ഥ പാലിച്ചും, GO(MS)04/2006/Lsgd/11.01.2016 പദ്ധതി മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ച്കൊണ്ടും ആയിരിക്കണം. എന്നാൽ പദ്ധതി മാർഗ്ഗരേഖയിലെ ഭാഗം രണ്ട് പദ്ധതി ആസൂത്രണ നടപടികൾ (X) പ്രകാരം ബന്ധപ്പെട്ട വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കി തദ്ദേശ സ്ഥാപനത്തിന് നൽകേണ്ടതും, ആയത് പ്രകാരം പ്രോജക്ട് തയ്യാറാക്കി അംഗീകാരം ലഭിച്ച് കഴിഞ്ഞാൽ നിർവഹണം നടത്തുന്ന വകുപ്പുമായി തദ്ദേശ സ്ഥാപനം കരാറിൽ ഏർപ്പെട്ട ശേഷം മാത്രമെ മുൻകൂർ നൽകാവൂ എന്നും നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഈ നിർദേശം പരിഗണിക്കാതെയാണ് നഗരസഭ 8597976 രൂപ കേരള വാട്ടർ അതോറിറ്റിയുടെ എടപ്പാൾ ഡിവിഷനിലും, ഗ്രൗണ്ട് വാട്ടർ അതോറിറ്റിയുടെ മലപ്പുറം ഓഫീസിലും അടവാക്കിയത് എന്ന് ശ്രദ്ധയിൽ പെടുത്തുന്നു.

285/17 പ്രോജക്ട് പ്രകാരം അടവാക്കുന്ന 17.25 ലക്ഷം രൂപ വാട്ടർ അതോറിറ്റിയുടെ പദ്ധതി വിപുലപ്പെടുത്തുന്നതിനാണ് എന്ന് പ്രോജക്ടിൽ നിന്ന് വ്യക്തമാവുന്നു. പദ്ധതി മാർഗ്ഗരേഖ ഭാഗം നാല് 11.8 പ്രകാരം ഇത്തരം പ്രവൃത്തികൾക്ക് വാട്ടർ അതോറിറ്റിയിൽ നിന്നുള്ള അനുമതി പത്രം പ്രോജക്ടിനോടൊപ്പം സമർപ്പിക്കണം എന്ന് നിർദേശിച്ചിട്ടുണ്ട്. ഈ നിർദേശം പാലിച്ചിട്ടില്ല എന്നും ശ്രദ്ധയിൽ പെടുത്തുന്നു.

ഈ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ ലഭ്യമാക്കേണ്ടതാണ് എന്ന് പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തികളുടെ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ ഒന്നും ലഭ്യമാക്കിയില്ല. കോ ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാന പ്രകാരം നടപടി സ്വീകരിക്കുന്നതാണ്

എന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ വിശദീകരണം നൽകിയത്. സർക്കാർ നിർദ്ദേശം പാലിക്കാതെയും, കരാർ വെക്കാതെയും തുക നിക്ഷേപിച്ച സാഹചര്യത്തിൽ വ്യക്തമായ വിവരങ്ങൾ, ക്രമീകരണ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കുന്നത് വരെ ചെലവ് തുക 8597976രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-17 പുതിയ ബസ് സ്റ്റാന്റ് ഷോപ്പിങ്ങ് കോംപ്ലക്സ് നിർമാണം- ചെലവഴിച്ച തുക പാഴ്ചെലവാകാൻ സാധ്യത

നിലവിലെ ബസ്സ്റ്റാന്റ് രൂപ ഘടന മാറ്റി പത്ത് നിലകളിലായി ഹൈടെക്ക് ഷോപ്പിങ്ങ് കോംപ്ലക്സ് കം ബസ്സ്റ്റാന്റ് നിർമ്മിക്കുക എന്നത് നഗരസഭയുടെ സ്വപ്ന പദ്ധതിയാണ്. 33.46 ലക്ഷം രൂപ ഇത്വരെയായി പ്രാരംഭ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്.

നഗരസഭ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പുതിയ ബസ്സ്റ്റാന്റ് നിർമ്മാണത്തിന്റെ സ്ട്രക്ച്ചറൽ ഡിസൈൻ വിശദ പരിശോധന നടത്തുന്നതിന് സർവീസ് ചാർജ് അടവാക്കുന്നതിന് 274/17 പ്രോജക്ട് തയ്യാറാക്കുകയും, പ്രോജക്ടിന്റെ ഭാഗമായി LBS തിരുവനന്തപുരത്തിന് 287000 രൂപ പ്ലാൻ വിഹിതത്തിൽ നിന്ന് അനുവദിക്കുന്നുണ്ട്. മുനിസിപ്പൽ എഞ്ചിനീയർ നിർവഹണം നടത്തിയ പ്രോജക്ട് ഫയൽ പരിശോധിച്ച് താഴെ കൊടുത്ത വസ്തുതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

-നഗരകാര്യ ഡയറക്ടറുടെ DC 10094/12 Dtd 04.07.2013 കത്തിൽ സർക്കാർ തലത്തിൽ നഗര വികസന പദ്ധതികൾ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിന്റെ സാധ്യത പരിശോധിക്കുന്നതിന് നിക്ഷേപ സംഗമം നടത്താൻ തയ്യാറെടുക്കുന്നതായും അതിലേക്ക് നഗരസഭക്ക് നിർദ്ദേശിക്കാവുന്ന പ്രോജക്ടുകളുടെ വിവരം ആവശ്യപ്പെടുകയും ചെയ്യുന്നുണ്ട്. ആസ്തി ആർജ്ജിക്കുന്ന വിധത്തിൽ നഗരസഭക്ക് സ്വന്തമായുള്ള 1.2 ഏക്കർ സ്ഥലത്ത് ബസ്സ്റ്റാന്റ് കം ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മിക്കാൻ ആഗ്രഹിക്കുന്നതായും എന്നാൽ തുക ഇൻവെസ്റ്റ് ചെയ്യാൻ ഇല്ല എന്നും നഗരകാര്യ ഡയറക്ടറെ അറിയിക്കുന്നുണ്ട്.

<u>കൺസൽറ്റന്റ് നിയമനം-സുതാര്യമല്ല.</u>

നഗരകാര്യ ഡയറക്ടർ എംപാനൽ ചെയ്ത നാൽപത് കൺസൽറ്റന്റ്മാരിൽ നിന്ന് നഗരസഭയുടെ മുൻഗണനയും ആവശ്യകതയും പരിഗണിച്ച് യോജിച്ച കൺസൽറ്റന്റ്മാരെ കണ്ടെത്തി പ്രോജക്ട് വിശദാംശങ്ങൾ നിർദ്ദേശിക്കാൻ നഗരകാര്യ ഡയറക്ടർ ആവശ്യപ്പെടുന്നുണ്ട്. മഞ്ചരി, കോഴിക്കോട് നഗരങ്ങൾ കേന്ദ്രീകരിച്ചുള്ള കൺസൽറ്റന്റ്സ് ലിസ്റ്റിൽ ഉണ്ടെങ്കിലും, കോട്ടയം ആസ്ഥാനമായുള്ള ആൻസൻ ഗ്രൂപ്പിനെയാണ് നഗരസഭ കൺസൽറ്റന്റ് ആയി കൗൺസിലിന്റെ 05.09.2013ലെ തീരുമാന പ്രകാരം നിയമിക്കുന്നത്. ഈ നിയമനത്തിന് അടിസ്ഥാനമാക്കിയ മാനദണ്ഡങ്ങൾ ഏതെന്ന് ഫയലിൽ വ്യക്തമല്ല. മാത്രമല്ല, നഗരകാര്യ ഡയറക്ടർ ലഭ്യമാക്കിയ ലിസ്റ്റിൽ നിന്ന് നഗരസഭയുടെ പദ്ധതി തയ്യാറാക്കുന്നതിന് തയ്യാറുള്ളവരിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നതിന് ചെയർപേഴ്സൺ നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ കൺസൽറ്റൻസി നിയമനം സംബന്ധിച്ച യാതൊരു രേഖയും ഈ ഫയലിൽ ഇല്ല. ഏതെല്ലാം കൺസൽറ്റന്റ് ഏജൻസികളെയാണ്, ഡി.പി.ആർ തയ്യാറാക്കുന്നതിന് നഗരസഭ പരിഗണിച്ചത് എന്നും വ്യക്തമല്ല. ആൻസൻ ഗ്രൂപ്പിനെ എകപക്ഷീയമായ രീതിയിലാണ് കണ്ടെത്തിയത് എന്ന് വ്യകതമാവുന്നു. ഏജൻസിയെ നിയമിക്കുന്നതിലും, കരാർ വെക്കുന്നതിലും സെക്രട്ടറി ധൃതി കാണിച്ചതായി വ്യക്തമാവുന്നു.

-നഗര വികസന പദ്ധതികൾ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിന്റെ സാധ്യത വിശകലം ചെയ്യുന്നതിനായി 26.08.2013 ന് വിളിച്ച് ചേർത്ത കക്ഷി നേതാക്കളുടെയും, ജനപ്രതിനിധികളുടെയും, പ്രമുഖ വ്യക്തികളുടെയും പ്രത്യക യോഗത്തിൽ മൂന്നാമത് തീരുമാനമായി ബസ്സ്റ്റാന്റ്, ടാക്സി സ്റ്റാന്റ് ഉൾപ്പെടെയുള്ള സ്ഥലം നിലവിലുള്ള കെട്ടിടങ്ങൾ പൊളിച്ച് നീക്കി ആധുനിക സൗകര്യങ്ങളോടെ ബസ്സ്റ്റാന്റ് കം പത്ത് നിലകളുള്ള ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നതിന് തീരുമാനിക്കുകയും ചെയ്യുന്നുണ്ട്. അതേസമയം നഗരത്തിലെ ഗതാഗത കുരുക്ക് ഒഴിവാക്കുന്നതിനായുള്ള നിർദ്ദേശങ്ങളാണ് യോഗം പ്രധാനമായും പരിഗണിച്ചത് എന്നും കാണുന്നു. ഈ നിർദ്ദേശങ്ങൾ തുടർന്നുള്ള 05.09.2013 ലെ കൗൺസിൽ യോഗത്തിൽ അംഗീകരിക്കുകയും ചെയ്യുന്നുണ്ട്.

<u>വ്യക്തതയില്ലാത്ത കരാർ</u>

-ആൻസൻ ഗ്രൂപ്പ് പ്രോജക്റ്റ് റിപ്പോർട്ട്, കരാർ പത്രം, പാർട്ട് ബിൽ എന്നിവ നഗരസഭക്ക് 09.11.2013 ന് സമർപ്പിക്കുന്നുണ്ട്. എസ്റ്റിമേറ്റ് തുകയുടെ 2.33% കൺസൽറ്റന്റ് ഫീസായും, ഈ തുക അടവാക്കേണ്ടതിന്റെ രീതി സംബന്ധിച്ചും പരാമർശിക്കുന്ന കരാറിൽ തിയ്യതിയോ, നഗരസഭയുടെയോ ആൻസൻ ഗ്രൂപ്പിന്റെയോ സീൽ പതിച്ചതായും കാണുന്നില്ല. മാത്രമല്ല നഗരസഭയുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്ന യാതൊരുവിധ ഉപാധികളും ഈ കരാറിൽ ഉൾപ്പെടുന്നുമില്ല എന്നും വ്യക്തമാവുന്നു.

<u>ചെലവഴിച്ച തുക പാഴ്ചെലവാകാനുള്ള സാധ്യത</u>

-ബസ്സ്റ്റാന്റ് ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് നാളിത് വരെ ചെലവഴിച്ച തുകയുടെ വിവരം താഴെ കൊടുക്കുന്നു.

| സ്ഥാപനം | നൽകിയ തുക | റിമാർക്സ് | വൗച്ചർ |
|---|---|---|---|
| NIT കോഴിക്കോട് | 50000 | മണ്ണ് പരിശോധന ചാർജ് | 18/03.12.2013 |
| NIT കോഴിക്കോട് | 94567 | മണ്ണ് പരിശോധന ചാർജ് (DD396719/18.02.2014) | 39/18.02.2014 |
| LBS തിരുവനന്തപ്പുരം | 115000 | സുക്ഷ്മ പരിശോധനാ ഫീസ് | 30/14.12.2016 |
| Anson Group | 100000 | കൺസൽറ്റൻസി ഫീസ് | 29/03.01.2014 |
| Anson Group | 100000 | കൺസൽറ്റൻസി ഫീസ് | 40/11.06.2014 |
| Anson Group | 800000 | കൺസൽറ്റൻസി ഫീസ് | 87/18.10.2014 |
| Anson Group | 1000000 | കൺസൽറ്റൻസി ഫീസ് | 48/23.03.2015 |
| Anson Group | 800000 | കൺസൽറ്റൻസി ഫീസ് | 29/03.01.2014 |
| LBS tvm | 287000 | സുക്ഷ്മ പരിശോധനാ ഫീസ് | Bill 04/28.02.2017 |
| ആകെ | 3346567 | | |

3346567 രൂപ നാളിത് വരെ ചെലവഴിച്ചെങ്കിലും, പ്രോജക്റ്റ് ഇപ്പോഴും പ്രാഥമിക ഘട്ടത്തിൽ തന്നെയാണ് ഉള്ളത്. ആവശ്യമായ ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കാനാവാതെ ഇത്രയും തുക ചെലവഴിച്ചത് ആസൂത്രണത്തിലെ പാളിച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

<u>എസ്റ്റിമേറ്റ് തുകയിലും അവ്യക്തത</u>

-87.25 കോടി രൂപയാണ് ഫയൽ കുറിപ്പുകൾ പ്രകാരം ആൻസൻ ഗ്രൂപ്പ് 26.11.2013 ന് സമർപ്പിച്ച എസ്റ്റിമേറ്റ് തുക. ഇതിന്റെ 2.33 ശതമാനം 20329250 രൂപ താഴെ രേഖപ്പെടുത്തിയ പ്രകാരം നാല് സ്റ്റേജുകളിലായി നൽകേണ്ടതാണ് എന്ന് അറിയിക്കുന്നുണ്ട്.

| | |
|---|---|
| സ്കെച്ച് ഡിസൈൻ സമർപ്പിക്കുന്നതിന് (10%) | 2032925 |

| | |
|---|---|
| എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് (30%) | 6098775 |
| സ്ട്രക്ച്ചറൽ ഡിസൈൻ സമർപ്പിക്കുന്നതിന് (50%) | 10164625 |
| സാങ്കേതികാനുമതി ലഭിക്കുന്നതിന് ശേഷം (10%) | 2032925 |
| ആകെ | 20329250 |

എന്നാൽ തുടർന്നുള്ള ആൻസൻ ഗ്രൂപ്പിന്റെ തന്നെ കത്തിടപാടുകളിൽ എസ്റ്റിമേറ്റ് തുക 63.125 കോടി എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

പ്രോജക്ട് റിപ്പോർട്ട് ചെലവ് റീഫണ്ട്- യഥാസമയം നടപടി സ്വീകരിച്ചില്ല.

-കെ.സ്സ്.യു.ഡി.പിയുടെ 22.01.2014 കത്തിൽ UIDSSMT പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരത്തിന് സമർപ്പിക്കുന്ന പ്രോജക്ടുകൾക്ക് DPR തയ്യാറാക്കുന്നതിന് വരുന്ന ചെലവിൽ ഒരു ഭാഗം (പ്രോജക്ട് കോസ്റ്റിന്റെ 1.5%) കേന്ദ്ര നഗരകാര്യ വകുപ്പ് റീഫണ്ട് ചെയ്യുന്നതാണ് എന്ന് അറിയിക്കുന്നുണ്ട്. എന്നാൽ ആവശ്യമായ രേഖകൾ ഉള്ളടക്കം ചെയ്ത് റീഫണ്ടിനായി നഗരസഭ അപേക്ഷ സമർപ്പിച്ചതായി ഫയലിൽ ഇല്ല. ഇത് നഗരസഭാ സെക്രട്ടറിയുടെ വീഴ്ചയായി കണക്കാക്കുന്നു.

അപൂർണ്ണമായ പ്രോജക്ട് റിപ്പോർട്ട്

-ആൻസൻ ഗ്രൂപ്പിന്റെ 07.12.2013 കത്തിൽ എസ്റ്റിമേറ്റ് തുകയായ 63.125 കോടി രൂപയുടെ 2.33ശതമാന തുകയുടെ നാൽപത് ശതമാനമായ 5883250 രൂപ നഗരസഭയിൽ നിന്ന് ആവശ്യപ്പെടുന്നുണ്ട്.

-കൺസൽട്ടൻസി ഏജൻസി DPR തയ്യാറാക്കുകയും സ്റ്റേറ്റ് ലെവൽ നോഡൽ ഏജൻസിയായ KSUDP യുമായി കരാർ വെക്കുകയും ചെയ്തതായും പ്രോജക്ട് അംഗീകാരത്തിനായി സെക്രട്ടറിയും, ആർക്കിടെക്റ്റും ഡൽഹിയിൽ പോയി എങ്കിലും നഗരസഭ സമർപ്പിച്ച പ്രോജക്ടിൽ അപാകതകൾ ഉള്ളതിനാൽ അംഗീകാരം ലഭിച്ചില്ല എന്നും ഫയലിൽ നിന്ന് വ്യക്തമാവുന്നു. തുടർന്ന് അപാകതകൾ പരിഹരിച്ച് സമർപ്പിക്കുന്ന സമയത്ത് ഇലക്ഷൻ പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ തുടർ നടപടികൾ സ്വീകരിക്കാനായില്ല എന്നും ഫയലിൽ നിന്ന് വ്യക്തമാവുന്നു. തുടർന്നുണ്ടായ കേന്ദ്രഭരണത്തിലെ മാറ്റം പദ്ധതികൾ താളം തെറ്റുന്നതിനും ഇടയാക്കി എന്ന് വ്യക്തമാവുന്നു. നഗരസഭക്കായി സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ട് അപാകതകളാണ് നഗരസഭക്ക് ഫണ്ട് ലഭ്യമാവുന്നതിന് തടസ്സമായത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

-ആൻസൻ ഗ്രൂപ്പ് സമർപ്പിച്ച Drawings സൂക്ഷ്മ പരിശോധനക്കായി LBS centre for science and Technology, തിരുവനന്തപുരത്തിന് സമർപ്പിക്കുന്നുണ്ട്. 16.12.2016 ന് LBS സമർപ്പിച്ച പരിശോധനാ റിപ്പോർട്ടിലും സ്ട്രക്ച്ചറൽ ഡിസൈനിൽ അപാകതകൾ നിലനിൽക്കുന്നതായി പരാമർശിക്കുന്നുണ്ട്.

തനത് വരുമാനം കുറവ് - ലോൺ എടുത്ത് നിർമ്മിക്കാൻ തീരുമാനം

കേന്ദ്ര ഫണ്ട് ഉപയോഗിച്ച് ബസ്സ്റ്റാന്റ് നവീകരണം നിർവഹിക്കുക പ്രയാസമാണ് എന്ന് വിലയിരുത്തുകയും പ്രവൃത്തി നഗരസഭ നേരിട്ട് നിർവഹിക്കുന്നതിനായി തീരുമാനിക്കുകയും ചെയ്യുന്നുണ്ട്. 14/20.05.2017 ലെ കൗൺസിൽ യോഗം ബസ്സ്റ്റാന്റ് നവീകരണത്തിന് KURDFC യിൽ നിന്ന് ലോൺ എടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നുണ്ട്. അതേസമയം GO(Ms)147/2009/Lsgd/29.07.2009 ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിധേയമായി സർക്കാർ

അംഗീകാരത്തിന് സമീപിച്ചതായ രേഖകൾ ഫയലിൽ ഇല്ല. നിലവിലുള്ള വ്യാപാരികളെ ഒഴിപ്പിക്കൽ സങ്കീർണ്ണമായ നിയമ നടപടികൾ വരുത്തി വെക്കുന്നവയാണ് എങ്കിലും വ്യാപാരികളുമായി നാളിത് വരെ യാതൊരു ചർച്ചയും നടത്തുകയോ അവരുമായി ധാരണ ഉണ്ടാക്കുകയോ ചെയ്തിട്ടില്ല എന്നും വ്യക്തമാവുന്നു.

നഗരസഭക്ക് നിലവിൽ 35 ലക്ഷം രൂപ ലോൺ ഉള്ളതായി വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വസ്തു നികുതി, തൊഴിൽ നികുതി തുടങ്ങിയ ഇനങ്ങളിലെ തനത് വരുമാനവും പരിമിതമാണ് എന്ന് വാർഷിക കണക്ക് പരിശോധിച്ചതിൽ വ്യക്തമാവുന്നു. തൊഴിൽ നികുതി ഇനത്തിലെ തനത് വരുമാനം 91.76 ലക്ഷം രൂപയും വസ്തു നികുതി ഇനത്തിൽ 76.22 ലക്ഷം രൂപയുമാണ്. വസ്തു നികുതി കളക്ഷൻ, ഡിമാന്റ് എന്നിവ തൊഴിൽ നികുതിയെ അപേക്ഷിച്ച് കുറവാണ് എന്നും കാണുന്നു. നികുതി - നികുതിയേതര ഇനങ്ങളിലെ ആകെ വരവ് 3.49 കോടി രൂപ മാത്രമാണ് എന്നും വാർഷിക കണക്കിൽ നിന്ന് വ്യക്തമാവുന്നു.

<u>കൺസൽട്ടൻസി ഫീസ് - നഗരകാര്യ ഡയറക്ടറുടെ അനുമതി വാങ്ങേണ്ടതാണ്.</u>

ആൻസൻ ഗ്രൂപ്പിന് ഇത് വരെ അഞ്ച് വൗച്ചറുകളിലായി 28 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ഇനിയും 3083250 രൂപ കിട്ടാനുണ്ട് എന്ന് കാണിച്ച് സ്ഥാപനം തുടർച്ചയായി നഗരസഭക്ക് കത്ത് നൽകുന്നുണ്ട്. ആൻസൻ ഗ്രൂപ്പുമായി നഗരസഭ ഏർപ്പെട്ട കരാർ പത്രത്തിൽ തീയതിയോ, സ്ഥാപനങ്ങളുടെ ഓഫീസ് സീലോ പതിച്ചിട്ടില്ല എന്ന് കാണുന്നു. മാത്രമല്ല, ആൻസൻ ഗ്രൂപ്പ് സമർപ്പിച്ച സ്ട്രക്ച്ചറൽ ഡിസൈൻ പിഴവുകളുള്ളതായിരുന്നു എന്നും ഈ അപാകതകൾ യഥാസമയം പരിഹരിക്കാൻ സാധിക്കാതിരുന്നതാണ് ഇലക്ഷൻ പെരുമാറ്റച്ചട്ടം നിലവിൽ വരുന്നതിന് മുമ്പ് നഗരസഭയുടെ പ്രോജക്ടിന് കേന്ദ്ര സർക്കാർ അംഗീകാരം ലഭിക്കാതെ പോയത് എന്നും ഫയൽ കുറിപ്പുകളിൽ നിന്ന് വ്യക്തമാവുന്നു. കൺസൽട്ടൻസി നിയമനത്തിൽ അവരുടെ കഴിവ്, മുൻപരിചയം എന്നിവ നഗരസഭ പരിഗണിച്ചതായും ഫയലിൽ നിന്ന് വ്യക്തമല്ല.

ആൻസൻ ഗ്രൂപ്പിന് തുടർന്നുള്ള പെയ്മെന്റ് നൽകുന്നതിന് മുമ്പ് നഗരകാര്യ ഡയറക്ടറുടെ അനുമതി വാങ്ങേണ്ടതാണ്.

ഓഡിറ്റ് എൻക്വയറിക്ക് വിശദീകരണം ലഭ്യമാക്കിയില്ല.

## 3-18 <u>കോട്ടൂർ അംഗനവാടി കുടിവെള്ള പദ്ധതി- നിർവഹണത്തിലെ അപാകതകൾ</u>

നഗരസഭയുടെ ഇരുപത്തിയൊന്നാം വാർഡിലാണ് കോട്ടൂർ അംഗനവാടി സ്ഥിതി ചെയ്യുന്നത്. ഈ അംഗനവാടിയിലേക്ക് കുടിവെള്ളം എത്തിക്കുന്നതിനായി 247/17 പ്രോജക്ട് പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് 95000 വകയിരുത്തുകയും ബിൽ 164/31.03.2017 പ്രകാരം 87000 രൂപ ട്രഷറിയിൽ നിന്ന് പിൻവലിക്കുകയും ചെയ്തിട്ടുണ്ട്.

പ്രോജക്ടിന്റെ ഭാഗമായി 178 മീറ്റർ പൈപ്പ്, ആയിരം ലിറ്റർ പി.വി.സി വാട്ടർ ടാങ്ക്, ഒന്നര എച്ച്.പി മോട്ടോർ എന്നിവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി പദ്ധതി പ്രദേശം സന്ദർശിച്ച് താഴെ കൊടുത്ത വസ്തുതകൾ / അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

-എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ നിലവിൽ ഈ മോട്ടോർ പ്രവർത്തിക്കുന്നില്ല എന്ന് ബോധ്യമായി. കിർലോസ്കർ കമ്പനിയുടെ 1.5 HP സബ്മേർസിബിൾ മോട്ടോർ സ്ഥാപിച്ചതായി ഫയലിൽ നിന്ന് വ്യക്തമാവുന്നു. മോട്ടോർ ഇത്ര പെട്ടെന്ന് പ്രവർത്തന രഹിതമായത് എങ്ങിനെ എന്നത് വ്യക്തമല്ല.

-കൺവീനർ വർക്കായി അഹമ്മദ് സമീഹ് എന്ന കൺവീനറാണ് പ്രവർത്തി നിർവഹിക്കുന്നത്. മോട്ടോർ വാങ്ങിയതുമായി ബന്ധപ്പെട്ട ടാക്സ് ഇൻവോയ്സ് ഫയലിൽ ഇല്ല. ഉള്ളാട്ട് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ മാത്രമാണ് ഫയലിൽ ഉള്ളത്. വാങ്ങിയ മോട്ടോറിന്റെ വാറന്റി രേഖകളുടെ പകർപ്പും ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല. ഏത് രേഖ അടിസ്ഥാനമാക്കിയാണ് മോട്ടോറിന്റെ വില കരാറുകാരന് അനുവദിച്ചത് എന്ന് വ്യക്തമാക്കേണ്ടതാണ്.

-ഈ കിണറിലെ വെള്ളം അംഗനവാടി കുട്ടികൾക്ക് ഉപയോഗിക്കാൻ പര്യാപ്തമല്ല എന്ന് ജീവനക്കാർ

സാക്ഷ്യപ്പെടുത്തുന്നു. നിലം തുടക്കാനും പാത്രം കഴുകാനും, ബാത്ത് റൂമിൽ പോലും ഈ വെള്ളം ഉപയോഗിക്കാൻ കൊള്ളില്ല എന്നാണ് വ്യക്തമാവുന്നത്. ആരോഗ്യപരമായി സെൻസിറ്റീവ് ആയ കുട്ടികൾ ഉപയോഗിക്കുന്ന വെള്ളത്തിന്റെ ഗുണനിലവാരം വിലയിരുത്താതിരുന്നത് വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

-നിലവിൽ അംഗനവാടിയിലേക്ക് വെള്ളം എത്തിക്കുന്നത് സ്വകാര്യ വ്യക്തിയുടെ സാഹായത്താലാണ് എന്ന് വ്യക്തമാവുന്ന. നഗരസഭ ഫണ്ട് ഉപയോഗിച്ച് നിർവഹിച്ച പ്രവൃത്തി ഫലപ്രദമായില്ല എന്നതും, ചെയ്ത പ്രവൃത്തി ഗുണനിലവാരം ഇല്ലാത്തതിനാൽ പ്രവർത്തനക്ഷമമല്ല എന്നതും ശ്രദ്ധയിൽ പെടുത്തുന്നു.
അപാകതകൾ നിലനിൽക്കുന്ന സാഹചര്യത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. 87,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ ഓഡിറ്റ് റിപ്പോർട്ട് കട്ടുന്ന മുറയ്ക്കോ അതിനു മുമ്പോ അപാകതകൾ പരിഹരിച്ച് സമർപ്പിക്കേണ്ടതാണ്.

## 3-19 മിനി മാസ്റ്റ് സ്ഥാപിക്കൽ - പ്രവർത്തന ക്ഷമത റിപ്പോർട്ട് ചെയ്യേണ്ടതാണ്.

നഗരസഭയിലെ അഞ്ച് സ്ഥലങ്ങളിൽ മിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി ലോകബാങ്ക് ധനസഹായം വിനിയോഗിച്ച് പ്രോജക്ട് തയ്യാറാക്കുകയും മുനിസിപ്പൽ എഞ്ചിനീയർ മുഖേന നിർവഹണം നടത്തുകയും ചെയ്തിട്ടുണ്ട്. വിശദ വിവരം താഴെ

| പ്രോജക്ട് | ബിൽ | തുക |
|---|---|---|
| 193/17 അത്താണിക്കൽ മിനിമാസ്റ്റ് സ്ഥാപിക്കൽ വാർഡ് 9 | 125/31.03.2017 | 150000 |
| 195/17 വലിയപറമ്പ മിനിമാസ്റ്റ് സ്ഥാപിക്കൽ വാർഡ് 13 | 126/31.03.2017 | 150000 |
| 199/17 പാലപ്പാറ മിനിമാസ്റ്റ് സ്ഥാപിക്കൽ വാർഡ് 5 | 127/31.03.2017 | 150000 |
| 200/17 ചങ്ക് വെട്ടിക്കുളം മിനിമാസ്റ്റ് സ്ഥാപിക്കൽ | 128/31.03.2017 | 150000 |
| 201/17 കുറ്റിപ്പുറം വടക്കേതല മിനിമാസ്റ്റ് സ്ഥാപിക്കൽ വാർഡ് 24 | 129/31.03.2017 | 150000 |

-Steel Industrials Kerala Ltd (Silk) മുഖേനയാണ് പ്രവർത്തി നിർവഹണം നടത്തുന്നത് സിൽക്കുമായി 130A/16.03.2017 പ്രാകാരം കാരാർ വെക്കുകയും ചെയ്തിട്ടുണ്ട്. കരാർ വ്യവസ്ഥ പ്രകാരം വൈദ്യുതി കണക്ഷൻ ഉൾപ്പെടെയുള്ള പ്രവർത്തികൾ സിൽക്ക് തന്നെ നിർവഹിക്കും എന്നും മിനിമാസ്റ്റ് ലൈറ്റിന് മൂന്ന് വർഷ വാറന്റി വാഗ്ദാനം ചെയ്യുകയും ചെയ്തിട്ടുണ്ട്. അതേ സമയം സിൽക്കിന്റെ 21.03.2017 കത്തിൽ മിനിമാസ്റ്റ് വിളക്കുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തിയായതായും വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് നഗരസഭ നടപടി സ്വീകരിക്കണമെന്നും അറിയിക്കുന്നതായും കാണുന്നു. ഈ വിളക്കുകളുടെ വൈദ്യുതികരണത്തിന്റെ ചെലവുകൾക്കായി നഗരസഭ തുക ചെലവഴിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്.

-90 വാട്ട്സിന്റെ നാല് വിളക്കുകളാണ് ഈ പ്രോജക്ട് പ്രകാരം സ്ഥാപിക്കുന്നത്. ഈ വിളക്കുകൾ നിലവിൽ പ്രവർത്തനക്ഷമമാണോ എന്ന് വ്യക്തമാക്കേണ്ടതാണ്. ആയത് സംബന്ധിച്ച് വാർഡ് കൗൺസിലർമാരുടെ റിപ്പോർട്ട് ഫയലിൽ ഉള്ളടക്കം ചെയ്യേണ്ടതാണ്.

-സിൽക്ക് ഹാജരാക്കിയ പ്രഫോർമ ഇൻവോയ്സ് അടിസ്ഥാനമാക്കിയാണ് (നമ്പർ 26/24.03.2017) നഗരസഭ പദ്ധതി തുക സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രൻസ്ഫർ ചെയ്യുന്നത്. എന്നാൽ പ്രവൃത്തി പൂർത്തിയായിട്ടും ടാക്സ് ഇൻവോയ്സ് സ്ഥാപനം ഹാജരാക്കിയിട്ടില്ല എന്ന് ശ്രദ്ധയിൽ പെടുത്തുന്നു.

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6/6-11-2017 ന് നൽകിയ മറുപടിയിൽ

വിളക്കുകൾ പ്രവർത്തനക്ഷമമാണ് എന്നും വൈദ്യുതീകരണത്തിന് നഗരസഭ ഫണ്ടിൽ നിന്ന് തുകയൊന്നും ചെലവഴിച്ചിട്ടില്ല എന്നും വ്യക്തമാക്കി.

എന്നാൽ നിലവിൽ ഈ വിളക്കുകൾ കത്തുന്നുണ്ടോ എന്ന് വ്യക്തമാക്കിയില്ല. മാത്രമല്ല സിൽക്ക് ടാക്സ് ഇൻവോയ്സ് ഹാജരാക്കിയിട്ടുമില്ല. അപാകത ശ്രദ്ധയിൽ പെടുത്തുന്നു.

## 3-20 മാർക്കറ്റിൽ നിർമ്മിച്ച ടോയ്‌ലറ്റ് പ്രവർത്തനക്ഷമമാക്കിയില്ല

മുനിസിപ്പൽ എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി പ്രോജക്ട് നം. 235/17 പ്രകാരം കോട്ടക്കൽ മാർക്കറ്റിൽ ഒരു ടോയ്‌ലറ്റ് നിർമ്മിച്ചിട്ടുണ്ട്. പൊതു വിഭാഗം വികസന ഫണ്ടിൽ നിന്ന് 2,42,703 രൂപ ചെലവഴിച്ച് 21.03.17 നാണ് പ്രവൃത്തി പൂർത്തീകരിച്ചത്. ട്രഷറി ബിൽ നം. 138/16-17 തി: 31.03.17.

കെട്ടിടം പണി പൂർത്തീകരിച്ച് ടോയ്‌ലറ്റ് ഫിറ്റിംഗുകൾ ചെയ്തുവെങ്കിലും ഇതിൽ വാട്ടർ കണക്ഷൻ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടോയ്‌ലറ്റ് അടച്ചിട്ടിരിക്കുകയാണ്. ടോയ്‌ലറ്റ് പ്രവർത്തനക്ഷമമല്ലാത്തതിനാൽ ചെലവഴിച്ച പണം പാഴ്ചെലവായി പരിണമിച്ചു.

അനുബന്ധ പ്രവൃത്തികൾ പൂർത്തീകരിച്ച് ടോയ്‌ലറ്റ് പ്രവർത്തനക്ഷമമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതുവരെ ചെലവു തുക 2,42,703 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-21 ഔഷധ റോഡ് കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമല്ല.

മുനിസിപ്പൽ എഞ്ചീനീയർ നിർവഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 132/17 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് 1.5 ലക്ഷം രൂപയും, തനത് ഫണ്ട് 1.5 ലക്ഷം രൂപയും ഉൾപ്പെടെ മൂന്ന് ലക്ഷം രൂപ വകയിരുത്തി ഔഷധ റോഡ് കുടിവെള്ള പദ്ധതി പുനരുദ്ധാരണത്തിന് പ്രോജക്ട് തയ്യാറാക്കുകയും, ബിൽ നമ്പർ 119/16-17 തിയ്യതി 31.03.2017 മുഖേന ധനകാര്യ കമ്മീഷൻ ഗ്രാന്റ് 151271 ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

നിലവിലുള്ള കുഴൽ കിണറിൽ നിന്നുള്ള വെള്ളം ഉപയോഗിച്ച് 650 മീറ്റർ നീളത്തിൽ വിതരണ ലൈൻ സ്ഥാപിക്കുന്നതിനും, ടാങ്ക്, ടാങ്ക് ബേസ് എന്നിവ സ്ഥാപിച്ച് പ്രവൃത്തി പൂർത്തിയാക്കുന്നതിനുമാണ് ഫണ്ട് വകയിരുത്തിയിട്ടുള്ളത്.

പ്രോജക്ടിന്റെ നിർവഹണം നേരിട്ട് വിലയിരുത്തുന്നതിനായി പദ്ധതി പ്രദേശം സന്ദർശിച്ച് താഴെ കൊടുത്ത വസ്തുതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

-ടാങ്ക് ബേസ് നിർമ്മാണ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. ടാങ്ക് ബേസ് പ്ലാസ്റ്റർ ചെയ്തതായി അളവ് പുസ്തകത്തിൽ (ഇനം 7) രേഖപ്പെടുത്തി തുക കൺവീനർക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്ലാസ്റ്ററിങ്ങ് വർക്ക് ചെയ്തിട്ടില്ല.

-പൈപ്പ് ലൈൻ ഇടുന്ന പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ ടാങ്കുമായി ബന്ധിപ്പിച്ചിട്ടില്ല. മെറ്റൽ വാൽവ് (ഇനം 10) സ്ഥാപിച്ചതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് എങ്കിലും സൈറ്റിൽ അത് ചെയ്തിട്ടില്ല.

-പ്രോജക്ടിനായി 5000 ലിറ്റർ HDPE ടാങ്ക്, ടാങ്ക് ബേസിന്റെ മുകളിൽ ചെരിച്ചിട്ടിരിക്കുന്നു. ഇത് മഴയും വെയിലും ഏറ്റ് നശിക്കാൻ സാധ്യത കൂടുതലാണ് എന്ന് ശ്രദ്ധയിൽ പെടുത്തുന്നു.

-കുടിവെള്ള പദ്ധതി ഫലപ്രദമാക്കുന്ന വിധത്തിൽ മോട്ടോർ സ്ഥാപിക്കുന്നതിനും, വൈദ്യുതി കണക്ഷൻ എടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടില്ല.

-കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട എല്ലാ പ്രവൃത്തികളും പ്രോജക്ടിൽ ഉൾപ്പെടുത്തി ഒറ്റ പ്രവൃത്തിയായി നിർവഹിക്കണമെന്ന പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതിരുന്നത് പദ്ധതി പണം മുടങ്ങി കിടക്കുന്നതിന് ഇടയാക്കുന്നു എന്ന് ശ്രദ്ധയിൽ പെടുത്തുന്നു.

ചെലവ് തുക151271 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമാക്കേണ്ടതാണ്. ആയതിന് വീഴ്ചയുണ്ടായാൽ തടസ്സപ്പെടുത്തിയ തുക നിരാകരിച്ച് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതായിരിക്കും.

## 3-22 വീട്ടു നിർമ്മാണം പൂർത്തീകരിച്ചില്ല.

നഗരസഭയിൽ വിവിധ ഭവന പദ്ധതികളിലായി കരാർ ചമച്ച് ഗഡുക്കൾ കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയായിട്ടും വീടുനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദ വിവരം ചുവടെ

(അടങ്കൽ-രണ്ട് ലക്ഷം രൂപ ഒരു വീടിന്)

| ഗുണഭോക്താവ് | പ്രോജക്ട് | കരാർ ചമച്ച വർഷം | കൈപ്പറ്റിയ തുക |
|---|---|---|---|
| ശ്രീ.സുധാകരൻ | ഭവന നിർമ്മാണം ജനറൽ S00125/17 | 2013-14 | 80,000 |
| ശ്രീ.സുരേഷ്.കെ.പി | ഭവന നിർമ്മാണം (SC) S0051/17 | 2014-15 | 1,40,000 |
| ശ്രീമതി.മീനാക്ഷി | ഭവന നിർമ്മാണം (SC) S0051/17 | 2014-15 | 80,000 |
| ശ്രീ.സദാനന്ദൻ | ഭവന നിർമ്മാണം (SC) S0051/17 | 2014-15 | 1,40,000 |

വീട്ടു നിർമ്മാണം പൂർത്തീകരിക്കുകയോ അല്ലാത്ത പക്ഷം കരാറുടമ്പടി പ്രകാരമുള്ള തുടർ നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്. തുടർ നടപടി വിവരം ആദ്യ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| കേരള വാട്ടർ അതോറിററി | ആലിയ്ക്കൽ കുടിവെള്ള പദ്ധതിയ്ക്ക് മോട്ടോറും ടാങ്കും നിർമ്മാണം | 192/20.3.17 | 700000 | 0 | പൂർത്തീ കരിച്ചില്ല | 700000 |
| കേരള വാട്ടർ അതോറിററി | ആലിയ്ക്കൽ കുടിവെള്ള പദ്ധതിയ്ക്ക് പൈപ്പ് ലൈൻ നീട്ടൽ | 2125/25.2 | 1500000 | 0 | പൂർത്തീ കരിച്ചില്ല | 1500000 |
| കേരള വാട്ടർ അതോറിററി | ആലിയ്ക്കൽ കുടിവെള്ള പദ്ധതി വിതരണം ലൈൻ ഡെപ്പോസിറ്റ് | 2579/31.3. 2601/31.3 | 1600000 | 0 | പൂർത്തീ കരിച്ചില്ല | 1600000 |
| കേരള വാട്ടർ അതോറിററി | സർഹിന്ദ് നഗർ കുടിവെള്ള പദ്ധതി | | 1700000 | 0 | പൂർത്തീ കരിച്ചില്ല | 1700000 |
| കേരള വാട്ടർ അതോറിററി | തോക്കാം പാര ഹെൽത്ത് സെന്റർ കുടിവെള്ള പദ്ധതി | 55001/25.3 1935/25.3 | 100000 | 0 | പൂർത്തീ കരിച്ചില്ല | 100000 |
| കേരള വാട്ടർ അതോറിററി | വാട്ടർ അതോറിററിയ്ക്ക് വേണ്ടി മോട്ടോർ വാങ്ങി നൽകൽ | 161517 47001100 756485 | 1725000 | 0 | പൂർത്തീ കരിച്ചില്ല | 1725000 |
| ഗ്രൗണ്ട് വാട്ടർ അതോറിററി | കുഴൽകിണർ റിപ്പയർ | 1990 20.2.17 | 390000 | 0 | പൂർത്തീ കരിച്ചില്ല | 390000 |

| | | | | | | |
|---|---|---|---|---|---|---|
| പൊതുമരാമത്തു വകുപ്പ് | മുനിസിപ്പൽ ഓഡിറ്റോറി യത്തിലേയ്ക്ക് സൗണ്ട് സിസ്ററം | 2361 29.3.17 | 200000 | 0 | പൂർത്തീ കരിച്ചില്ല | 200000 |
| കെ എസ് ഇ ബി | സമ്പൂർണ്ണ വൈദ്യുതീകരണം | | 581334 | 0 | പൂർത്തീ കരിച്ചില്ല | 581334 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ തിരിച്ചടവ്

**(എ)** വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

ഓഡിററ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിയ്ക്കുന്ന വായ്പ തുകയുടേയും വിവരം

| 2016-17ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിയ്ക്കാൻ അവശേഷിക്കുന്ന തുക | ഉദ്ദേശ്യലക്ഷ്യം നേടിയത് |
|---|---|---|---|---|
| 3500000 | ഭവനശ്രീ പദ്ധതി | ഇല്ല | 3500000 | ഭവനശ്രീ പദ്ധതി പ്രകാരം 160 ഗുണഭോക്താക്കൾക്ക് ഹഡ്കോയിൽ നിന്നും ലഭിച്ച വായ്പ തുക പൂർണ്ണമായും ചെലവഴിച്ചു |

**(ബി)** വായ്പ തിരിച്ചടവിന്റെ വിവരം.

| ഉദ്ദേശ്യം | ഉത്തരവ് നം &തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| വീടു വയ്ക്കുന്നതിന് ധനസഹായം | ജി ഒ നം 2982/16എൽ എസ് ജി ഡി2.10.16 ജി ഒ നം 2982/16എൽ | 3500000 | 3500000 | ഇല്ല | ഇല്ല | 3500000 |

| | | | | | | |
|---|---|---|---|---|---|---|
| | എസ്<br>ജി ഡി.2.10.16 | | | | | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 24003987 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 23221 |
| ആകെ | 24027208 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 2970856 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 21056352 |

2016-17വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| പഞ്ചാബ് നാഷണൽ ബാങ്ക് 429700/13.12.17 | 403488 |
| കോട്ടയ്ക്കൽ സർവീസ് സഹകരണ ബാങ്ക് 13427/28.7.16 | 365169 |
| കോട്ടയ്ക്കൽ സർവീസ് സഹകരണ അർബൻ ബാങ്ക് 8649/21.9.15 | 423186 |
| കേരള ഗ്രാമീൺ ബാങ്ക് 263614/30.10.15 | 303636 |
| കോട്ടയ്ക്കൽ സർവീസ് സഹകരണ അർബൻ ബാങ്ക് 58135/2.1.15 | 394125 |
| കോട്ടയ്ക്കൽ സർവീസ് സഹകരണ അർബൻ ബാങ്ക് 246776/28.3.16 | 348918 |
| കോട്ടയ്ക്കൽ സർവീസ് സഹകരണ അർബൻ ബാങ്ക് 20014/26.3.16 | 329499 |
| ട്രഷറി സേവിംഗ്സ് ബാങ്ക്-148/25.11.15 | 5521221 |
| ട്രഷറി സേവിംഗ്സ് ബാങ്ക് 149/25.11.15 | 679366 |

| | |
|---|---|
| കോട്ടയ്ക്കൽ സർവീസ് സഹകരണ ബാങ്ക്- 13751/28.7.16 | 3025000 |
| കോട്ടയ്ക്കൽ സർവീസ് സഹകരണ ബാങ്ക് 13750/28.7.16 | 3025000 |
| കോട്ടയ്ക്കൽ സർവീസ് സഹകരണ ബാങ്ക് 13483/28.7.16 | 2218953 |
| കോട്ടയ്ക്കൽ സർവീസ് സഹകരണ അർബൻ ബാങ്ക് 9569/22.2.16 | 2012791 |
| ഇക്യൂറ്റി ഷെയർ | 2006000 |
| ആകെ. | 21056352 |

## **4-6** ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം **38857** രൂപ ഈടാക്കിയിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു

| ഓഡിറ്റ് വർഷം | ഭാഗം ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം തീയതി |
|---|---|---|---|---|
| 2014-15 | 2.5 | 1550 | ക്ലാസിക്ക് ഹ്യുണ്ടായ് | 117010106049/18.7.17 |
| 2014-15 | 2.5 | 3275 | ഹോട്ടൽ റഡ്ജസ് ഇൻ | 117010106063/18.7.17 |
| 2014-15 | 2.5 | 2500 | സീനത്ത് സിൽക്ക്സ് & സാരീസ് | 11501110919/29.7.15 |
| 2014-15 | 2.5 | 1675 | ഇൻവാസ് മോട്ടോഴ്സ് കമ്പനി ലിമി. എസ് ബി ഐ | 117010106699/25.7.17 |
| 2014-15 | 2.5 | 1375 | എസ് ബി ഐ. കോട്ടയ്ക്കൽ | 117010107022/28.7.17 |
| 2014-15 | 2.5 | 1250 | കനറാ ബാങ്ക് | 11401500191/2.3.15 |
| 2014-15 | 2.5 | 1250 | ഐ ഒ സി പറമ്പിലങ്ങാടി | 11401115315/2.3.15 |

| | | | | |
|---|---|---|---|---|
| 2015-16 | 2.5 | 1000 | ഷർമിദ കെ ടി | 11501500/29.2.16 |
| 2015-16 | 2.1 | 2046 | 2/112-A മരക്കാർ ഹാജി | 117010106129/15.7.17 |
| 2015-16 | 2.1 | 3752 | 2/112-A മരക്കാർ ഹാജി | 117010106130/15.7.17 |
| 2015-16 | 2.1 | 444 | 15/212-E അബ്ദുൾകരീം | 117010106540/24.7.17 |
| 2015-16 | 2.1 | 444 | 15/212-F അബ്ദുൾകരീം | 117010106540/24.7.17 |
| 2015-16 | 2.1 | 444 | 15/212-G അബ്ദുൾകരീം | 117010106541/24.7.17 |
| 2015-16 | 2.1 | 444 | 15/212-H അബ്ദുൾകരീം | 117010106542/24.7.17 |
| 2015-16 | 2.1 | 3212 | 3/112 ഫാത്തിമ സുഹ്റ | 117010106543/24.7.17 |
| 2015-16 | 2.1 | 1606 | 3/113 ഫാത്തിമ സുഹ്റ | 117010106332/24.7.17 |
| 2015-16 | 2.1 | 4266 | ഫിറോസ് ഖാൻ | 117010106329/24.7.17 |
| 2015-16 | 2.2 | 1456 | 20/257-A സെയ്തലവി | 117010106330/24.7.17 |
| 2015-16 | 2.2 | 1456 | 20/257-B സെയ്തലവി | 117010106227/24.7.17 |
| 2015-16 | 2.2 | 1456 | 20/257-C സെയ്തലവി | 117010105834/24.7.17 |
| ആകെ | | **38857** | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

നഗരസസഭയുടെ മുൻവർഷ ഓഡിററ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 37(iii) | 2002-03 | V11.10.2(1) | തനത് ഫണ്ട് മരാമത്തു പണികൾക്ക് അധിക തുക | ബഹു. നിയമസഭാ സമിതിയുടെ നടപടി |

| | | | | | |
|---|---|---|---|---|---|
| | | | | നൽകി | തുടരുന്നു |
| 2001-02 | 29 | 2003-04 | പൊതു പരാമർശം | പത്രപരസ്യം അധിക തുക നൽകി | ബഹു. നിയമസഭാ സമിതി നാളിതുവരെ പരിഗണനയ്ക്ക് എടുത്തിട്ടില്ല |
| 2002-03 | 18 | 2005-06 | 2.10.65 | വനിതകൾക്ക് കമ്പ്യൂട്ടർ പരിശീലനം രൂപയുടെ അധികചെലവ് | -ടി- |
| 2007-08 | 3(29) | 2010-11 | പൊതു പരാമർശം | സ്റ്റേഡിയം നിർമ്മാണം | -ടി- |
| | 3(32) | | | കുടിവെള്ള പദ്ധതി | |
| | 3(33) | | | പേപ്പർ ബാഗ് നിർമ്മാണ യൂണിററ് | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 174313048.97 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 139638823 |
| വരവിനങ്ങളിലുള്ള നഷ്ടം | 248109 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 17550 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 16580902 |

**ബി)** നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 2-1 | 38104 | | ശ്രീ. കെ.കെ മനോജ്, സെക്രട്ടറി |
| 2-2 | 2063 | | ശ്രീ. കെ.കെ മനോജ്, സെക്രട്ടറി |
| 2-5 | 207942 | | ശ്രീ. എ.നൗഷാദ്, സെക്രട്ടറി |
| 3-14 | | 17550 | ശ്രീമതി. വനജ. ഇ .എൻ, പ്രിൻസിപ്പൽ |
| | 248109 | 17550 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 124010 | ഡോ.ജിഷ, ഹോമിയോ മെഡിക്കൽ ഓഫീസർ |
| 3-2 | 8237 | ഡോ.വി. എൻ സുജാതാദേവി<br>ആയുർവേദ മെഡിക്കൽ ഓഫീസർ |
| 3-9 | 1177865 | ശ്രീ കെ. കെ മനോജ്,സെക്രട്ടറി -806039<br>ശ്രീമതി ഉമ പി എൻ സൂപ്രണ്ട്, ഇൻചാർജ് ഓഫ് സെക്രട്ടറി-366826<br>ശ്രീ എ നൗഷാദ്, സെക്രട്ടറി-5000 |
| 3-10 | 5603783 | ശ്രീ കെ കെ മനോജ്, സെക്രട്ടറി |
| 3-11 | 100000 | ശ്രീമതി ഉമ പി.എൻ.സൂപ്രണ്ട്, ഇൻചാർജ് ഓഫ് സെക്രട്ടറി |
| 3-13 | 199500 | ശ്രീമതി. വനജ.ഇ.എൻ, പ്രിൻസിപ്പൽ |
| 3-14(2) | 97712 | ശ്രീമതി. വനജ.ഇ.എൻ, പ്രിൻസിപ്പൽ |

| | | |
|---|---|---|
| 3-15 | 190845 | ഡോ.സുബൈർ, മെഡിക്കൽ ഓഫീസർ, സി എച്ച് സി |
| 3-16 | 8597976 | ശ്രീ. വിഷ്ണു .എ. എസ്, അസി.എഞ്ചിനീയർ |
| 3-18 | 87000 | ശ്രീ .വിഷ്ണു എ. എസ്, അസി.എഞ്ചിനീയർ |
| 3-20 | 242703 | ശ്രീ .വിഷ്ണു എ.എസ്, അസി.എഞ്ചിനീയർ |
| 3-21 | 151271 | ശ്രീ .വിഷ്ണു എ.എസ്, അസി.എഞ്ചിനീയർ |
| | 16580902 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

2-1 ------2330രൂപ------ശ്രീകെ കെ മനോജ്, സെക്രട്ടറി

2-2------103രൂപ------ശ്രീകെ കെ മനോജ്, സെക്രട്ടറി

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ കെ മനോജ്<br>സെക്രട്ടറി | സെക്രട്ടറി<br>പൊന്നാനി നഗരസഭ | കല്ലുംകുന്നത്ത് ഹൗസ്<br>ചിറ്റഞ്ഞൂർ പി ഒ<br>കുന്നംകുളം<br>തൃശ്ശൂർ ജില്ല |
| ശ്രീമതി വനജ ഇ എൻ<br>പ്രിൻസിപ്പൽ | പ്രിൻസിപ്പൽ<br>ജി ആർ എച്ച് എസ് എസ്<br>കോട്ടയ്ക്കൽ | ഇന്ദീവരം<br>ചേങ്ങോട്ടൂർ പി ഒ<br>കോട്ടയ്ക്കൽ<br>മലപ്പുറം ജില്ല<br>676503 |

| | | |
|---|---|---|
| ശ്രീ എ നൗഷാദ്<br>സെക്രട്ടറി | സെക്രട്ടറി<br>കോട്ടയ്ക്കൽ നഗരസഭ | ചെറുവിള പുത്തൻവീട്<br>പാലത്തോടി<br>ഭവതിപുരം പി ഒ<br>കൊല്ലം<br>691330 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാന വശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1985-86<br>1986-87<br>1987-88 | എൽ എഫ് എം13/1294/10/27.7.10 | 10 |
| 88-89<br>1989-90<br>90-91 | എൽ എഫ് എം14/281/03/30.1.03 | 5 |
| 1991-92 | എൽ എഫ് എം14/282/03/30.1.03 | 3 |
| 1994-95<br>1995-96 | എൽ എഫ് എം17/1297/10/27.7.10 | 14 |
| 1996-97 | എൽ എഫ് എം14/285/29.1.03 | 8 |
| 1997-98 | എൽ എഫ് എം17/1298/10/27.7.10 | 1 |
| 1998-99 | എൽ എഫ് എം17/1299/10/27.7.10 | 5 |
| 99-00 | എൽ എഫ് എം18/1300/10/27.7.10 | 1 |
| 2000-01 | എൽ എഫ് എം17/1301/10/27.7.10 | - |
| 2001-02 | എൽ എഫ് എം17/17/1302/10/27.7.10 | 8 |
| 2002-03 | എൽ എഫ് എം17/17/1303/10/27.7.10 | 11 |
| 2003-04 | എൽ എഫ് എം10/1002/09/6.1.10 | 6 |
| 2004-05 | എൽ എഫ് എം20/1998/10/2.5.11 | 31 |
| 2005-06 | എൽ എഫ് എം16/1550/10/2.12.10 | 9 |
| 2006-07 | എൽ എഫ് എം20/1136/09/27.2.09 | 13 |
| 2007-08 | എൽ എഫ് എം/1137/09/27.2.09 | 21 |
| 2008-09 | എൽ എഫ് എം20/112/12/25.9.12 | 21 |
| 2009-10 | എൽ എഫ് എം20/113/12/25.9.12 | 27 |
| 2010-11 | എൽ എഫ് എം20/37/14/19.7.14 | 55 |

| | | |
|---|---|---|
| 2011-12<br>2012-13 | | |
| 2013-14 | എൽ എഫ് എം20/1960/15/10.9.15 | 33 |
| 2014-15 | കെ എസ് എ എം പി എം21/334/16<br>24.5.16 | 19 |
| 2015-16 | കെ എസ് എ എം പി എം20/2758/16<br>13.10.16 | 22 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure 1

# AUDIT CERTIFICATE

KSA-MPM........................ Kerala State Audit Department

District Audit Office, Malappuram

PIN- 676 505
Phone: 0483 2734951

Email- dompm.ksad@kerala.gov.in

Dated ...............

CERTIFICATE

Certified that I have examined the Annual Financial Statement of Kottakkal Municipality in Malappuram District for the year 2016-17 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 295(4) of the Kerala Municipality Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of Kottakkal Municipality for the year 2016-17 except the observations in my audit report properly present the picture of income and expenditure.

SENIOR DEPUTY DIRECTOR

MALAPPURAM.

## അനുബന്ധം - 2

## ഓഡിറ്റ് സർട്ടിഫിക്കറ്റ്.

കെ.എസ്.എ-എം.പി.എം................ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,മലപ്പുറം

പിൻ- 676 505

ഫോൺ:

0483 2734951

ഇ-മെയിൽ: dompm.ksad@kerala.gov.in

തീയ്യതി .......................

സാക്ഷ്യപത്രം.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295(4)-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ കോട്ടക്കൽ നഗരസഭയുടെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കോട്ടക്കൽ നഗരസഭയുടെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,

മലപ്പുറം.

# 5

## ഓഡിററ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.എം.പി.എം.20/2439/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
പിൻ- 676 505 ഫോൺ- 0483-2734951
ഇ-മെയിൽ- dompm.ksad@kerala.gov.in

തീയ്യതി 30-11-2017

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4 ാം-വകുപ്പ്, 1994 ലെ കേരള മുനിസിപ്പാലിററി നിയമത്തിന്റെ 215- ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ നഗരസഭയുടെ **2016-17** വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കോട്ടയ്ക്കൽ നഗരസഭയുടെ **2016-17** വാർഷിക ധനകാര്യ പത്രികയുടെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# AUDIT CERTIFICATE

No.KSA/MPM.20/2439/17

Kerala State Audit Department
District office ,Malappuram
Phone: 0483 -2734951
Email: dompm.ksad@kerala.gov.in
Date:30-11-2017

Certified that I have audited the Annual Financial Statement of

**Kottakkal Municippality** in **Malappuram** District of the year ended on **31.3.2017** in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala **Municippality** Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of **Thiroorangadi Municippality** for the year **2016-17** except the observations in my audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department